കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജനുവരി 2021 വാല്യം 60 ലക്കം 1



"This is my Son, the Beloved, with whom I am well pleased"
Matthew 3, 17





## Mar George Madathikandathil

*Greetings on the 40th Anniversary of Your Priestly Ordination*

23.12.2020

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജനുവരി 2021 വാല്യം 60 ലക്കം 1

## ഉള്ളടക്കം


5 സർക്കുലർ സീറോമലബാർ പ്രേഷിതവാരാചരണം 2021

9 2021 ജനുവരി 15 കർഷകദിനം

13 രൂപതക്കച്ചേരി

19 മൈനർ സെമിനാരി

19 വിജ്ഞാനഭവൻ

25 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

26 സോഷ്യൽ സർവീസ്

27 ചെറുപുഷ്പ മിഷൻലീഗ്

29 കെ. സി. എസ്. എൽ.

30 മാതൃവേദി

31 ഡി. എഫ്. സി.

33 യുവദീപ്തി

35 ജീസസ് യൂത്ത്

36 കത്തോലിക്കാകോൺഗ്രസ്

38 കേരള ലേബർ മൂവ്മെന്റ്

38 തിരുനാൾ മംഗളങ്ങൾ

40 രൂപതാദ്ധ്യക്ഷന്റെ ഡയറി

41 Bishop's Engagements

41 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

42 നിര്യാതരായി






**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 5 സർക്കുലർ പ്രേഷിതവരാചരണം
Page 9 സർക്കുലർ കർഷകദിനം
Page 13 പൗരോഹിത്യസ്വീകരണം
Page 14 സഭൈക്യവാരം
Page 14 ലോകസമാധാന ദിനം
Page 14 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം


## തിരുനാളുകൾ



**01** നമ്മുടെ കർത്താവിന്റെ നാമകരണം



**01** ദൈവമാതൃത്വ ത്തിരുനാൾ



**02** വി. ചാവറ കുര്യാക്കോസ് ഏലിയാസ്



**06** ദനഹാത്തിരുനാൾ



**08** സ്നാപക യോഹന്നാൻ



**20** വി. സെബസ്ത്യാനോസ്



**22** വി. സുവിശേഷകന്മാർ



**28** വി. തോമസ് അക്വീനാസ്



**29** വി. സ്റ്റീഫൻ



**30** വി. ജോൺ ബോസ്കോ

Prot. No. 1480/2020

# സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം - 2021

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ മാർ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ദനഹാതിരുനാളായ ജനുവരി 6 മുതൽ 12 വരെ സീറോമലബാർ സഭ പ്രേഷിതവാരമായി എല്ലാ വർഷവും ആചരിക്കുന്ന വിവരം നമുക്കറിവുള്ളതാണല്ലോ. “മിഷനെ അറിയുക, മിഷനറിയാവുക” എന്ന ആദർശവാക2്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് ജീവിതത്തിലും പ്രവൃത്തിയിലും പ്രേഷിതതീക്ഷ്ണതയാൽ നിറഞ്ഞ്, സഭയുടെ പ്രേഷിത ഉദ്യമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പരിശ്രമമാണ് പ്രേഷിതവാരം ലക്ഷ്യം വയ്ക്കുന്നത്. ഈയവസരത്തിൽ കേരളത്തിനകത്തും പുറത്തുമായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വീരോചിതമായ രീതിയിൽ മിഷൻപ്രവർത്തനത്തിൽ ഏർപ്പെട്ടുകൊ□ ിരിക്കുന്ന മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും ഉൾപ്പെടുന്ന എല്ലാ മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നവരെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും അവർക്കുവേ□ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രേഷിതവാരാചരണത്തിന്റെ പശ്ചാത്തലത്തിൽ ആനുകാലിക ലോകത്തിന്റെയും തിരുസ്സഭയുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 2020 മിഷൻ ഞായറിനായുള്ള പ്രേഷിത സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നത്, ഇന്നിന്റെ കലുഷിത സാഹചര്യങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരാകുവാൻ, “ആരാണ് എനിക്കായി പോവുക” (ഏശയ്യ 6:8) എന്ന ആകുലതയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു നവീന ക്രൈസ്തവ മാനവികതയുടെ നിർമ്മാണത്തിനായി പരിശ്ര

മിക്കുവാൻ "എല്ലാവരും സോദരർ" എന്ന തന്റെ പുതിയ ചാക്രിക ലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പ നമ്മെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥമായ സുവിശേഷപ്രഘോഷണം വർണ്ണ, വർഗ്ഗ, ലിംഗഭേദമില്ലാതെ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കുവയ്ക്കുന്നതും അതനുഭവിക്കാൻ അവസരം നൽകുന്നതുമാകണമെന്ന് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു.

കോവിഡിന്റെ വിപത്തിൽ, ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസ്സിലാക്കി. തിരുസ്സഭയിലെ ഏതൊരു ശുശ്രൂഷയുടെയും സംവിധാനത്തിന്റെയും മൂല്യം, സുവിശേഷവത്കരണത്തിനായി അത് എന്തുമാത്രം സഹായിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന ഏതു സഭാസംവിധാനവും ക്രിസ്തുവിന്റെ സുവിശേഷത്തിന് വിരുദ്ധമാണെന്നും അവയെ സുവിശേഷാത്മകമായി പുനർനിർമ്മിക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോദിപ്പിക്കുന്നു (സുവിശേഷത്തിന്റെ ആനന്ദം, 26). നല്ല സമരിയാക്കാരന്റെ ഉപമ ആനുകാലികമായി വ്യഖ്യാനിച്ചുകൊ□ ്, മായം ചേരാത്ത ദൈവസ്നേഹത്തിന്റെ മാതൃകകളായി സഭാസംവിധാനങ്ങളെ പുനർനിർമ്മിക്കണമെന്ന് 'എല്ലാവരും സോദരർ' എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ വീ□ ും ഓർമ്മിപ്പിക്കുന്നു (നമ്പർ 62). കാരണം സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല (1 യോഹ 4:8-16). അതിനാൽ, സ്നേഹത്തിന്റെ പ്രമാണം അടിസ്ഥാനമാക്കി സഭാസംവിധാനങ്ങളെയും ശുശ്രൂഷകളെയും പുനർനിർമിച്ചാൽ മാത്രമേ, അവ ക്രിസ്തുവിശ്വാസത്തിലേക്ക് മനുഷ്യമക്കളെ നയിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളായി പരിണമിക്കു.

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്സാഹം പ്രാദേശികസഭകളുടെ പക്വതയുടെ അടയാളമായിട്ടാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത് (*Verbum Domini,* 95). സീറോമലബാർസഭയുടെ വിശ്വാസപക്വതയുടെ തെളിവാണ് ഈ സഭയിൽനിന്നും അക്രൈസ്തവർക്കിടയിൽ ജോലിചെയ്യുവാനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് സഭാമക്കളുടെ ജീവിത കഥകൾ. അതിനായി അവരെ ഒരുക്കിയ കുടുംബങ്ങളും ഇടവകകളും പക്വതനിറഞ്ഞ വിശ്വാസജീവിതത്തിന്റെയും അജപാലനത്തിന്റെയും ചരിത്രം പറയുന്നു. നമ്മുടെ സഭയിൽ രൂപീകൃതമായ നിരവധി

സന്യാസ-മിഷനറി സമൂഹങ്ങളോടൊപ്പം വിലമതിക്കേണ്ടതാണ് ചില അല്മായ ഭക്തസംഘടനകൾ നടത്തിയ മുന്നേറ്റങ്ങൾ. നമ്മുടെ ഇടവകവൈദികരുടെയും സന്യസ്തരുടെയും മതാധ്യാപകരുടെയും കാര്യക്ഷമമായ പ്രോത്സാഹനങ്ങളും കരിസ്മാറ്റിക്ക് നവീകരണ പ്രസ്ഥാനങ്ങൾ നൽകുന്ന തീക്ഷ്ണത നിറഞ്ഞ സന്ദേശങ്ങളും നിമിത്തം മിഷൻ പ്രവർത്തനത്തിനായി വൈദിക-സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്ന യുവജനങ്ങളുടെയും മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യാൻ മുന്നിട്ടിറങ്ങുന്ന അല്മായ സഹോദരങ്ങളുടെയും വർദ്ധിച്ചുവരുന്ന തീക്ഷ്ണത ആശാവഹമാണ്.

സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന മാധ്യമവിഭാഗങ്ങളും ഒറ്റയ്ക്കും സംഘടിതവുമായി ഉത്സാഹത്തോടെ സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കുന്ന നവമാധ്യമ കൂട്ടായ്മകളും നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ ചിലപ്പോഴെല്ലാം അപക്വമായ പെരുമാറ്റ ശൈലികളും ഉള്ളടക്കങ്ങളും പ്രസരിപ്പിക്കുന്നതു വഴി നമ്മുടെ മാധ്യമസംസ്കാരത്തെ അക്രൈസ്തവമാക്കുന്നുണ്ടോ എന്ന്, അവയുടെ പ്രേഷിതമൂല്യത്തിന്റെ അളവുകോലിൽ നാം പരിശോധിക്കുകയും തിരുത്തുകയും ചെയ്യേണ്ടതാണ്. കാരണം, നവമാധ്യമങ്ങളുടെ കാര്യക്ഷമമായ ഉപയോഗം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പതിന്മടങ്ങ് ഫലപ്രദവും ആയാസകരവുമാക്കാൻ ഉപകരിക്കുന്നു എന്നു മാത്രമല്ല, പ്രേഷിതപ്രവർത്തനത്തിന്റെ ഭാവി എങ്ങനെ സഭയ്ക്കുള്ളിൽ തന്നെ ഒരു പുതിയ മാധ്യമസംസ്കാരം നമ്മൾ രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഭാരതത്തിലെവിടെയും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം 2017 ൽ നമ്മുടെ സഭയ്ക്ക് ലഭ്യമായതിനുശേഷം, പുതിയ മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് അവിടെ ജോലിചെയ്യുവാനായി നമ്മുടെ പല രൂപതകളും സമർപ്പിതകൂട്ടായ്മകളും കുടുംബപ്രേഷിതരും നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുകയും, അതിനായി മുൻകൈ എടുത്ത രൂപതാധ്യക്ഷന്മാരെയും സമർപ്പിത സമൂഹാധികാരികളെയും അല്മായ നേതൃത്വത്തെയും ഞാൻ നന്ദിപൂർവ്വം ഓർക്കുകയും ചെയ്യുന്നു. മിഷനുവേണ്ടി പ്രാർത്ഥിച്ചും മിഷനറി ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ആവുന്ന രീതിയിലെല്ലാം സാമ്പത്തിക സംഭാവനകൾ നൽകിയും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് ഞാൻ അഭ്യർ

ത്ഥിക്കുന്നു. അതിനായി സഭാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിന്റെ ശുശ്രൂഷകളുമായി സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം ക്രിസ്തു അന്ത്യഅത്താഴ□ സമയത്ത് ശിഷ്യന്മാർക്കു നല്കുന്നു□ ് "നിങ്ങൾക്ക് പരസ്പരം സ്□ നേഹം ഉ□ െ ങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറി□ യും" (യോഹ□13:35). ശിഷ്യരുടെ ജീവിതത്തിന്റെ ഉൽകൃഷ്ടതയാണ് ഗുരുവിന്റെ നാമം നിലനിർത്തുന്നതും അറിയിക്കുന്നതും. സുകൃതപൂർ□ ണ്ണമായ ജീവിതംകൊ□ ് ും പ്രഘോഷണം കൊ□ ് ും നമ്മുടെ ഗുരുവി□ നെയും അവിടുന്ന് നൽകുന്ന നിത്യജീവനെയും അനേകരിലെത്തി□ ക്കാം. അതിനായി പരിശ്രമിക്കുന്നവരെ പ്രാർത്ഥനകൊ□ ് ും സഹ□ കരണങ്ങൾകൊ□ ് ും സഹായിക്കാം. അങ്ങനെ സുവിശേഷത്തിന്റെ സ്നേഹവും കാരുണ്യവും പ്രത്യാശയുമാകുന്ന വെളിച്ചം നൽകി ജനഹൃദയങ്ങളെ സ്പർശിക്കുവാനായി നാം പരിശ്രമിച്ചാൽ, പരിമിതമായ വാക്കുകൾ കൊ□ ുതന്നെ ഫലപ്രദമായ പ്രേഷിത പ്രവർത്തനം നടത്താം. അതിനായി ശ്രേഷ്ഠമിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും പ്രേഷിതറാണിയായ പരിശുദ്ധ അമ്മയുടെയും പ്രേഷിതതാതൻ തോമാ ശ്ലീഹായുടെയും മധ്യസ്ഥതയും മിഷനറിമാരായ നാമോരോരുത്തരെയും സഹായിക്കട്ടെ.

കാക്കനാട് മൗ□ ് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന്

2020-ാം ആ□ ് ഡിസംബർ മാസം 18-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: 1. 2021 ജനുവരി 03-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോമലബാർസഭയുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേ□ താണ്.

2. സീറോമലബാർ മിഷൻവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവ□ നകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗ□ ് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2021 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേ□ താണ്.

Ref: 3414 /K-5/KCBC/OL/DS 24.12.2020

# 2021 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയമുള്ളവരേ,

രാജ്യത്തിന്റെ നട്ടെല്ലാണ് കർഷകർ. പാടത്തും പറമ്പിലും രാപകലില്ലാതെ അദ്ധ്വാനിക്കുന്ന കർഷകന്റെ വിയർപ്പിന്റെ ഫലമാണ് അന്നം. വ്യക്തികളും കുടുംബങ്ങളും രാഷ്ട്രം മുഴുവനും കർഷകരോടു കടപ്പെട്ടിരിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ആഹരിച്ച് ലഭിക്കുന്ന ഊർജ്ജത്തിന്റെ പിൻബലമില്ലാതെ ഒരു വ്യവസായവും ഒരു വികസനവും സാധ്യമല്ല. ദൈവത്തെപ്പോലും ഒരു പ്രാപഞ്ചിക കർഷകനായി ചിത്രീകരിക്കുന്ന 65-ാം സങ്കീർത്തനം ഫലത്തിൽ, കാർഷികവൃത്തിയുടെ ദൈവികഭാവത്തെയാണ് വെളിപ്പെടുത്തുന്നത്.

അടുത്തകാലത്ത് കേന്ദ്ര സർക്കാർ കാർഷികമേഖലയിൽ കൊണ്ടുവന്ന പുതിയ നിയമങ്ങൾ ഈ രാജ്യത്തെ സാധാരണ കർഷകനുമേൽ കനത്ത പ്രഹരമാണ് ഏല്പിച്ചിരിക്കുന്നത്. കൃഷി വിശുദ്ധമായ ഒരു ജീവിതവൃത്തിയായി കണക്കാക്കുന്ന കോടിക്കണക്കിന് മനുഷ്യരുള്ള ഈ രാജ്യത്തിന്റെ ഭരണകർത്താക്കൾ രാജ്യത്തിന്റെ കാർഷിക പാരമ്പര്യത്തെ കോർപ്പറേറ്റ് വ്യവസായ ഭീമൻമാർക്ക് തീറെഴുതിക്കൊടുക്കാനുള്ള ശ്രമമാണ് ഈ പുതിയ നിയമങ്ങൾ പ്രഖ്യാപിക്കുക വഴി നടത്തിയത്.

അന്നമുണ്ടാക്കുന്നവരുടെ അന്നംമുട്ടിക്കാനുള്ള ശ്രമങ്ങൾക്കെതിരെ രാജ്യമെമ്പാടുമുള്ള കർഷകജനത ഉണർന്നെഴുന്നേല്ക്കുന്നതിന്റെ ചിത്രമാണ് ഇക്കഴിഞ്ഞ നാളുകളിൽ ഡൽഹിയിൽ നാം കണ്ടത്. സംഘടിക്കാനും സമരം ചെയ്യാനും സമയമില്ലാത്ത കർഷകർ, കൃഷിയിടങ്ങൾ വിട്ട് തെരുവീഥികളിലേക്കിറങ്ങിയത് നിശബ്ദരായിരുന്നാൽ നിലനില്പുതന്നെ അപകടത്തിലാകുമെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. നിരവധി സ്വതന്ത്രകർഷകസംഘടനകളുടെ കൂട്ടായ്മയാണ് ഈ സമരത്തെ നയിച്ചത്. അസംഘടിതരായ കർഷകർ തങ്ങൾ സംഘടിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകഴിഞ്ഞു.

നിശബ്ദമായി അദ്ധ്വാനിക്കുന്ന കർഷകന്റെ ശബ്ദമാകാൻ രണ്ട് പതിറ്റാണ്ടു മുമ്പ് സ്ഥാപിതമായ കർഷകസംഘടനയാണ് ഇൻഫാം. കർഷകരോടൊപ്പം നിന്ന് കർഷകരുടെ പ്രശ്നങ്ങൾ സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്താനും കർഷകർക്കനുകൂലമായ നിരവധി തീരുമാനങ്ങൾ നേടിയെടുക്കാനും കഴിഞ്ഞ കാലങ്ങളിൽ ഇൻഫാമിന് കഴിഞ്ഞിട്ടുണ്ട്. രാജ്യമെമ്പാടുമുള്ള കർഷകജനത സംഘടിക്കാനും ഒന്നിച്ച് നിന്ന് അവകാശങ്ങൾക്കുവേണ്ടി പോരാടാനും സന്നദ്ധരായിരിക്കുമ്പോൾ കേരളത്തിലെ കർഷകജനതയും ഉണർന്നെഴുന്നേൽക്കേണ്ടതുണ്ട്. ഈ കർഷകമുന്നേറ്റത്തിന് നേതൃത്വം നല്കാൻ മത, രാഷ്ട്രീയ ഭേദമെന്യേ സകല കർഷകരെയും ഒന്നിപ്പിച്ചുനിർത്തുന്ന ഒരു സ്വതന്ത്ര കർഷകസംഘടന എന്ന നിലയിൽ ഇൻഫാമിന് സാധിക്കും.

കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന വന്യമൃഗശല്യത്തിനെതിരേ ഇൻഫാം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിരന്തരമായി നല്കിയ നിവേദനങ്ങളുടെയും വിവിധതലങ്ങളിൽ നടത്തിയ ചർച്ചകളുടെയും ഫലമായി വിവിധ സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, ആനമതിലുകൾ തുടങ്ങിയവ നിർമ്മിക്കാനാരംഭിക്കുകയും കാട്ടുപന്നികളെ വെടിവെയ്ക്കാനുള്ള ഉത്തരവുണ്ടാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇനിയും ഈ വിഷയത്തിൽ സർക്കാരുകൾ കർഷകപക്ഷത്തുനിന്നുകൊണ്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതിനുള്ള സമ്മർദ്ദം ഇൻഫാം തുടർന്നുകൊണ്ടാണിരിക്കുന്നത്.

നിരവധി കർഷകരെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ വന്യമൃഗസങ്കേതങ്ങൾക്ക് ചുറ്റും ബഫർസോൺ പ്രഖ്യാപിച്ച വിഷയത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ കർഷക സംഘടനകൾ ചേർന്നു നടത്തിയ സമരങ്ങളും സമ്മർദ്ദങ്ങളും പുനർവിചിന്തനത്തിന് സർക്കാരിനെ പ്രേരിപ്പിച്ചു. നിശബ്ദരായിരുന്നാൽ കർഷകന്റെ ഭൂമി കയ്യേറുന്നതിനോ കുടിയിറക്കിവിടുന്നതിനോ ഒരു സർക്കാരുകളും മടിക്കില്ല എന്നതിന്റെ തെളിവാണ് ബഫർസോൺ വിഷയം. എന്നാൽ കർഷകർ ഒന്നിച്ചുനിന്നാൽ കരിനിയമങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനാവുമെന്ന് ബഫർ സോൺ വിഷയത്തിലുള്ള ഇടപെടലുകളും ഡൽഹിയിലെ കർഷകസമരവും നമ്മെ ബോധ്യപ്പെടുത്തുകയാണ്.

ഇൻഫാം കുറേക്കാലമായി മുന്നോട്ടുവച്ചിട്ടുള്ള ആശയമായ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും മൂല്യവർദ്ധിത ഉൽപന്നങ്ങളായി കാർഷികവിഭവങ്ങളെ മാറ്റാനുള്ള സംരംഭങ്ങളും കേന്ദ്ര സർക്കാർ ഉത്തേജക പാക്കേജിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചത് ശുഭോദർക്കമായ കാര്യമാണ്. വിവിധ രൂപതകളുടെ നേതൃത്വത്തിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കർഷകർക്കൊപ്പം നില്ക്കാനും അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനുമുള്ള ഇത്തരം സംരംഭങ്ങളെ ബഹുജന പിന്തുണ നല്കി പ്രോത്സാഹിപ്പിക്കുവാൻ ഇൻഫാം മുൻപന്തിയിലുണ്ടാകും.

കർഷക സംഘടനകളെ തളർത്തുകയും ഇല്ലാതാക്കുകയും ചെയ്യുക ഭരണകൂടങ്ങളുടെയും കോർപ്പറേറ്റ് മുതലാളിമാരുടെയും അജണ്ടയാണ്. കർഷകരെ ചൂഷണം ചെയ്ത് കീശവീർപ്പിക്കാനാഗ്രഹിക്കുന്നവർക്ക് എപ്പോഴും വിലങ്ങുതടിയായി നില്ക്കുന്നതും അവരുടെ കുടിലപദ്ധതികളെ തകർക്കുന്നതും കർഷകന്റെ സംഘടിതശക്തിയാണ്. കർഷകസംഘടനകൾ ദുർബലമാവുകയോ തകരുകയോ ചെയ്താൽ കർഷകർ അടിമകളാകാമെന്നും നിരാലംബരായിത്തീരുമെന്നതും ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഇൻഫാം എന്ന കർഷക പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതും ഊർജ്ജസ്വലമാക്കേണ്ടതും കാലത്തിന്റെ ആവശ്യമാണ്.

ജനുവരി 15-ാം തീയതി ഇൻഫാം കർഷകദിനമായി ആചരിക്കുകയാണ്. എല്ലാ രൂപതകളും ഇടവകകളും കർഷകദിനം സമുചിതമായി ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഏറ്റവും പ്രധാനമായി ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും യൂണിറ്റുകൾ ആരംഭിക്കുവാൻ രൂപതാ ഡയറക്ടർമാരും ഇടവക വികാരിമാരും മുൻകൈ എടുക്കണം. കർഷകദിനത്തോടനുബന്ധിച്ച് കാർഷികസെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, വെബിനാറുകൾ തുടങ്ങിയവ നടത്തണം. മാതൃകാ കർഷകരെ ആദരിക്കുവാനും പുതുതലമുറയെ കാർഷികവൃത്തിയിൽ പ്രോത്സാഹിപ്പിക്കുവാനും ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കണം.

കാർഷികവൃത്തിക്ക് പുതിയ ഉണർവും ഉന്മേഷവും നല്കുന്ന പദ്ധതികൾ നടപ്പിലാക്കുകയും കർഷകന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്ന ബഹുജന സംഘടനയായി പ്രവർത്തിക്കുകയും ചെയ്യുന്ന ഇൻഫാമിനെ പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ ഉന്നമനത്തിനു വേണ്ടിയുള്ള വിവിധ പദ്ധതികൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്ന അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും ഇൻഫാം പ്രവർത്തകരെയും നേതാക്കളെയും നന്ദിയോടെ ഓർമ്മിക്കുന്നു. എല്ലാവർക്കും കർഷകദിനത്തിന്റെ ആശംസകൾ നേരുന്നു.

ആകാശത്തിലെ പറവകളെ തീറ്റിപ്പോറ്റുകയും വയലിലെ ലില്ലികളെ പരിപാലിക്കുകയും ചെയ്യുന്ന നല്ലവനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ,

**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

---

NB : 2020 ജനുവരി 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# രൂപതക്കച്ചേരി

## C. *1/2021* **പൗരോഹിത്യ സ്വീകരണം**

ദീർഘനാളത്തെ പരിശീലനത്തിനും ഒരുക്കത്തിനും ശേഷം നമ്മുടെ രൂപതയ്ക്കുവേണ്ടി 4 മ്ശംശാനാമാർ പുരോഹിതരായി അഭിഷിക്തരാവുകയാണ്. പട്ടം കൊടുക്കൽ ശുശ്രൂഷയുടെ ക്രമീകരണം ഇപ്രകാരമായിരിക്കും.

| | | |
|---|---|---|
| 1. മാറാട്ടിൽ പോൾസൺ, വാഴക്കാല | 04.01.2021 | 9.15 am |
| 2. മഠത്തിൽ ജോസഫ്, വാഴക്കുളം | 06.01.2021 | 9.15 am |
| 3. വാമറ്റത്തിൽ ജോൺ, ബസ്ലേഹം | 28.01.2021 | 9.15 am |
| 4. പ്ലാത്തോട്ടത്തിൽ മാത്യു, ഏഴല്ലൂർ | 11.02.2021 | 9.15 am |

തന്റെ അജഗണത്തിന് ശുശ്രൂഷ ചെയ്യുന്നതിനായി ഇവരെ തിരഞ്ഞെടുത്ത് ഒരുക്കിയ നിത്യപുരോഹിതനായ ഈശോയ്ക്ക് നന്ദി പറയാം. പൗരോഹിത്യ സ്വീകരണത്തിനൊരുങ്ങുന്ന ഈ നാലുപേരെയും അവരുടെ മാതാപിതാക്കന്മാരെയും പൗരോഹിത്യത്തിലേക്കുള്ള വഴിത്താരയിൽ ഇവരെ സഹായിച്ച് നയിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുകയും, ക്രിസ്തുവിന്റെ പുരോഹിതരായി അഭിഷേകം ചെയ്യപ്പെടുന്ന ഇവർക്ക് മംഗളങ്ങൾ നേരുകയും ചെയ്യുന്നു. പൗരോഹിത്യ ശുശ്രൂഷ ചെയ്യുവാൻ വേണ്ട ആത്മീയ ശക്തിയും ഉണർവും ഇവർക്കു ലഭിക്കുന്നതിനും, ഇവർ നടത്തുന്ന പൗരോഹിത്യ സമർപ്പണം പൂർണ്ണമാകുന്നതിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Bishop*

## C. *2/2021* **സീറോ മലബാർ പ്രേഷിതവാരം**

2021 ജനുവരി 6 മുതൽ 12 വരെ തീയതികളിൽ സീറോ മലബാർ സഭ പ്രേഷിതവാരം ആചരിക്കുകയാണ്. മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ള സംഭാവന ജനുവരി 10 ഞായറാഴ്ച സ്വീകരിച്ച് ജനുവരി 31-നകം രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

*Bishop*

### C. *3/2021* സഭൈക്യവാരം

2021 ജനുവരി 18 മുതൽ 25 വരെ സഭകളുടെ ഐക്യത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമായി നീക്കി വച്ചിരിക്കുന്ന ദിവസങ്ങളാണ്. ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥ നാവാരത്തിന്റെ വിചിന്തനവിഷയം യോഹ. 15:1-17 ഭാഗത്തെ അടി സ്ഥാനമാക്കി "എന്റെ സ്നേഹത്തിൽ വസിക്കുക; നിങ്ങൾ ധാരാളം ഫലം പുറപ്പെടുവികിക്കും" എന്നതാണ്. സഭൈക്യത്തിനായി ശ്രദ്ധേ യമായ ശ്രമങ്ങൾ നടത്തിവരുന്ന കേരളത്തിലെ ക്രൈസ്തവസഭകൾക്ക് വിശിഷ്യ കത്തോലിക്കാസഭയ്ക്ക് ഈ പ്രാർത്ഥനാവാരം ഏറെ പ്രധാ നപ്പെട്ടതാണ്. സഭകളുടെ കൂട്ടായ്മയ്ക്കായി പ്രത്യേകം പ്രാർത്ഥന കൾ നടത്തിയും വിവിധ സഭകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ചും ഇടവകകളും സ്ഥാപനങ്ങളും സഭൈക്യവാരാചരണം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. സഭൈക്യവാരം സംബന്ധിച്ച പ്രാർത്ഥ നകളും സർക്കുലറും രൂപതാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*Bishop*

### C. *4/2021* ലോകസമാധാന ദിനം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചരമദിന മായ ജനുവരി 30-ാം തീയതി ലോകസമാധാന ദിനമായി ആചരിക്കു ന്നു. നമ്മുടെ സമൂഹത്തിലും രാജ്യത്തും ലോകമെമ്പാടും സമാധാനം നിരന്തര ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഈശോ നൽകുന്ന സമാധാനം സമൂഹത്തിൽ, പ്രത്യേകിച്ച് കുടുംബങ്ങളിൽ സ്ഥാപിതമാ കാൻ നമുക്ക് പ്രാർത്ഥിക്കാം. അന്നേ ദിവസം ഉപവാസദിനമായി ആച രിക്കുന്നത് അനുഗ്രഹപ്രദമാണ്. സമാധാനത്തെ തകർക്കുന്ന സാഹ ചര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുവാനും മറ്റുള്ളവരെ അതിന് പ്രേരി പ്പിക്കുവാനുമുള്ള പ്രചോദനം ഈ ദിനാചരണം നമുക്ക് നല്കട്ടെ.

*Bishop*

### *PC.1/2021* പാസ്റ്ററൽ കൗൺസിൽ ഡിസംബർ 19, 2020

രൂപതയുടെ ചരിത്രത്തിൽ ആദ്യമായി പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് Online ആയി നടത്തപ്പെട്ടു. 10 മണിക്ക് റവ. സി. ഗ്രെയ്സ് കൊച്ചുപാലിയത്തിൽ SABS -ന്റെ പ്രാർത്ഥനയോടെ യോഗം ആരം ഭിച്ചു. മോൺ. ഫ്രാൻസിസ് കീരംപാറ ഏവരെയും ഹൃദ്യമായി യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് സെക്രട്ടറി ഫാ. ജോസ് പുല്ലോപ്പിള്ളിൽ റിപ്പോർട്ട് വായിച്ചു. അഭിവന്ദ്യ പിതാവ് ഏവർക്കും

ക്രിസ്തുമസ് ആശംസകൾ നേർന്നു. ബന്ധങ്ങൾ പുതുക്കുവാനും ജാഗ്ര തയോടെ പ്രാർത്ഥനയിലും പരസ്പരസ്നേഹത്തിലും വളരുവാനും പിതാവ് ആഹ്വാനം ചെയ്തു.

തൊടുപുഴ MLA ശ്രീ. പി. ജെ. ജോസഫ് കർഷകരുടെ നില നില്പിനെക്കുറിച്ചും വിളകൾ മാറ്റി കൃഷി ചെയ്യേണ്ടതിന്റെ ആവശ്യക തയെക്കുറിച്ചും സംസാരിച്ചു. റബ്ബറിന്റെ സാധ്യതകൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ റംബുട്ടാൻ, മാങ്കോസ്റ്റിൻ തുടങ്ങിയ പഴവിളകളെ ക്കുറിച്ച് ചിന്തിക്കണമെന്നും തെങ്ങുപോലുള്ള പരമ്പരാഗതവിളകൾ ഉപേക്ഷിക്കരുതെന്നും അദ്ദേഹം പറഞ്ഞു. ബഹു. തോമസ് പറയിടം അച്ചൻ കർഷകസംഘങ്ങൾ (FPO) രൂപീകരിക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. ഇടവകകളിൽ FIG കൾ രൂപീകരിക്കാം. പല FIG കൾ ചേർന്ന് FPO കൾ ഉണ്ടാക്കാം. ഇതുവഴി കാർഷിക വിഭവങ്ങൾക്ക് വില ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന തിനും സാധിക്കും.

കേന്ദ്രഗവൺമെന്റിന്റെ New Education Policy യെക്കുറിച്ച് ബഹു. സ്റ്റനിസ്ലാവൂസ് കുന്നേൽ അച്ചൻ സംസാരിച്ചു. പ്രത്യക്ഷത്തിൽ അതിലെ നിർദേശങ്ങൾ നിർദ്ദോഷമാണെന്ന് തോന്നിയാലും ഹിന്ദു ത്വവത്ക്കരണവും ചരിത്രത്തെ വളച്ചൊടിക്കലുമാണ്. കേരളത്തിലെ 58% വരുന്ന എയ്ഡഡ് സ്കൂളുകൾക്ക് എഡ്യുക്കേഷൻ പോളിസി രൂപീ കരിക്കുന്നതിൽ ഒരു പങ്കുമില്ല. കേരളഗവൺമെന്റിന്റെ വിദ്യാഭ്യാസ നയവും പ്രൈവറ്റ് സ്കൂളുകൾക്ക് അനുകൂലമല്ല. മാനേജ്മെന്റ് സ്കൂളു കളെ എങ്ങനെയും ഇല്ലാതാക്കുക എന്ന രീതിയിലാണ് ഗവൺമെന്റ് പ്രവർത്തനങ്ങൾ.

തുടർന്ന് ശ്രീ. ജെയിംസ് വി. ജോർജ് Minority rights -നെക്കുറിച്ച് സംസാരിച്ചു. ലോകത്തെല്ലായിടത്തും സാമൂഹ്യമായും സാമ്പത്തിക മായും പിന്നോക്കാവസ്ഥയിലുള്ളവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരുവാൻ പ്രത്യേക പരിഗണനകൾ കൊടുക്കാറുണ്ട്. ഭാരതസർക്കാ രിന്റെ ന്യൂനപക്ഷ സ്കോളർഷിപ്പുകളും മറ്റും കേരളത്തിൽ ഒരു പ്രത്യേക സമൂഹത്തിന് മാത്രം 80% കൊടുക്കുകയും മറ്റെല്ലാ ന്യൂനപക്ഷങ്ങൾക്കും കൂടി ബാക്കി 20% മാത്രം നീക്കിവയ്ക്കുകയും ചെയ്യുകയാണ് നടന്നു കൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ക്രൈസ്തവമേലദ്ധ്യക്ഷ ന്മാർ പലപ്രാവശ്യം സർക്കാരുമായി ചർച്ച നടത്തിയതിന്റെ ഫലമായി അടുത്തകാലത്ത് ക്രിസ്ത്യൻ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കു

വാനായി പി. ബി. കോശി കമ്മീഷനെ നിയമിക്കുകയുണ്ടായി. അവരുടെ സിറ്റിംഗിന് മുമ്പായി കൃത്യമായി ഡേറ്റ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുവാനായി സീറോ മലബാർസഭയുടെ നേതൃത്വത്തിൽ ഒരു പബ്ലിക് അഫയേഴ്സ് കമ്മീഷൻ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം എല്ലാ രൂപതകളിലും പബ്ലിക് അഫയേഴ്സ് കമ്മിറ്റിയും രൂപീകരിക്കുന്നു. ഇപ്രകാരം കോതമംഗലം രൂപതയിൽ 12 അംഗങ്ങളുള്ള ഒരു കമ്മറ്റി രൂപീകൃതമാവുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് കാലത്തെ വിശ്വാസസംരക്ഷണമായിരുന്നു പിന്നീട് ചർച്ച ചെയ്യപ്പെട്ടത്. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ വിഷയാവതരണം നടത്തി. ആധുനിക മാധ്യമങ്ങളിലൂടെയുള്ള ധ്യാനങ്ങളും പ്രാർത്ഥനയും നല്ലതാണെങ്കിലും ദൈവാലയത്തിൽ ഒരുമിച്ചുള്ള ആരാധനയ്ക്ക് പകരമാവില്ല. CMC സിസ്റ്റേഴ്സ് ലോക്ഡൗൺ കാലത്ത് നടത്തിയ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് പ്രൊവിൻഷ്യൽ സി. നവ്യ മരിയ CMC പറഞ്ഞു. മറ്റ് കോൺഗ്രിഗേഷനുകളിലെ സിസ്റ്റേഴ്സും സമാനരീതിയിൽ കുട്ടികൾക്കും മുതിർന്നവർക്കുമുള്ള പ്രോഗ്രാമുകൾ നടത്തുകയുണ്ടായി. തുടർന്ന് ശ്രീ. ജോർജ് കേളകം എല്ലാവർക്കും ക്രിസ്തുമസ്സ് സന്ദേശം നല്കുകയും യോഗത്തിന് ഔദ്യോഗിക നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. ഏകദേശം 90 പേർ പങ്കെടുത്ത യോഗം ഒരു മണിയോടെ യോഗം അവസാനിച്ചു.

*Protosyncellus*

*Pr. C.1/2021* **REPORT OF THE PRESBYTERAL COUNCIL HELD ON TUESDAY, DECEMBER 15, 2020**

An ordinary meeting of the Presbyteral Council was held on Tuesday 15th December 2020 at the Bishop's House. His Excellency Mar George Madathikandathil presided over the meeting which began with a prayer at 10.00 am and twenty nine members were present. The Syncellus, V. Rev. Fr. Francis Keerampara extended a warm welcome to all the participants. After the presentation of the report of the previous meeting by the secretary, Rev. Fr. Jose Pulloppillil, the president gave the introductory talk and introduced the topics for discussion.

In his introductory talk His Excellency reminded that Christmas was a time for redefining our relations - relation to God, relation to our fellow beings and relation to the Nature. The present pandemic situation

urges us to be in peaceful relationship with all and to turn to the Nature. He also announced that an online retreat is arranged from 20th to 23rd December 2020 for all the faithful of the diocese.

Mgr. Cherian Kanjirakompil monitored the discussions that followed and the first topic was Christmas and Festal celebrations in this pandemic period. It was decided that the Holy Mass and liturgy for the Christmas may be celebrated at night depending on the situation of each parish and more Holy Masses may be arranged for the day time. Festal Celebrations may be limited to the church and there is no need of any procession outside the church campus due to Covid protocol. Second topic for discussion was sponsoring a mission region outside Kerala by the diocese and sending priests to that mission. The general thinking was that the diocese need not take up any specific area for mission work, rather support the Syro-Malabar mission dioceses in whatever way it is possible. Some members proposed that young priests may be sent to the mission dioceses for a few years so that they are able to acquire some mission experience and get acquainted with the mission work.

Next topic for discussion was the farmer welfare activities going on in the diocese. It was reported that a Farmer Producer Organization was registered in Arakuzha that would become functional from January 01, 2021 under the initiative of the Forane Vicar, V. Rev. Fr. John Mundackal. Formation of Farmer Producer Organizations and registering of FIGs in other places are to be greatly encouraged. Some members asked whether the diocese would take up the responsibility for these organizations and the general opinion was negative.

The Chancellor Rev. Fr. Jose Pulloppillil informed that a Public Affairs Committee, as proposed by the Major Archi-episcopal Curia, was constituted with 12 members and has already started functioning in view of making a random survey regarding the share of the Syro-Malabar Catholic Community in the present socio-economic scenario of Kerala and presenting a clear data before the Justice J.B. Koshy Commission appointed by the Kerala government for studying the

backwardness of the Christian community. A broader team comprising of six persons each from every proto-presbyterate is to be formed for the speedy and efficient data collection.

The Procurator, Rev. Fr. Jose Kuzhikanniyil, appraised the gathering on the progress of the construction works of the priest home annex at Vazhappilly, and reminded that contributions from priests and benefactors are necessary for the completion of the building in time. Further, discussions on the construction work of a shopping complex at Thenamkunnu, Thodupuzha also came up. Taking into account the special situation there as explained by V. Rev. Fr. Vicar, St. Sebastian Forane Church, Thodupuzha, and as they are having enough fund there, it was decided that the new construction work could be permitted.

Suggestions were also made for updating the application form for the permission to announce the banns before the marriage with all relevant details including the dates of the banns and the marriage.

Following this, the annual accounts of various institutions of the diocese were presented and the concerned persons clarified all the doubts of the members. The account presentation continued even after lunch.

Finally, Rev. Fr. Jacob Vadakumparambil extended Christmas and New Year greetings to all and Rev. Fr. Jose Kuzhikanniyil proposed the vote of thanks. The meeting came to an end by 2.30 pm.

*Secretary*

C. *5/2021* **മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 39-ാം ചരമവാർഷികം 2021 ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ചയാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

*C.6/2021* **വാർഷിക റിപ്പോർട്ട്**

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ

യിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ 2021 ജനുവരി മാസത്തിൽ അയയ്ക്കുന്നതാണ്. 2020 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി വയ്ക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Protosyncellus*

## മൈനർ സെമിനാരി

*MS 1 /2021* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | V. Rev. Fr. Joseph Mulanjanany | ₹ | 10,000 |
| 2 | One Benefactor | ₹ | 10,000 |
| 3 | One Benefactor | ₹ | 10,000 |
| 4 | Silver Jubilarians of Kothamangalam & Idukki Dioceses | ₹ | 30,000 |
| 5 | Joy Chettiparambil, Nediasala | ₹ | 5,000 |
| 6 | Dr. Thomas Abraham, St. Mary's Hospital, Thodupuzha | ₹ | 10,000 |
| 7 | One Benefactor | ₹ | 20,000 |
| 8 | One Benefactor | ₹ | 5,000 |

*Rector*

## വിജ്ഞാനഭവൻ

*V.1/2021* **വിശ്വാസപരിശീലകർക്കുവേണ്ടി നടത്തപ്പെട്ട ലേഖനമത്സരത്തിലെ വിജയികൾ**

**സിസ്റ്റേഴ്സ്**

1 സി. രമ്യ മാത്യു എസ്.സി.ജെ.ജി., മാതിരപ്പിള്ളി
2 സി. ഡെലീന സി.എം.സി., ആരക്കുഴ
 സി. റ്റിസി സി.എം.സി., ആരക്കുഴ
3 സി. പുഷ്പ മരിയ എസ്.എച്ച്., ആലക്കോട്
 സി. ലിസ്യൂ പോൾ എസ്.എച്ച്., മൈലക്കൊമ്പ്

**അല്മായർ**

1 ബേബി ജോസ് കാതിരുമോളേൽ, വണ്ണപ്പുറം

2 റോസമ്മ ജോർജ്ജ് തയ്യിൽ, കല്ലാനിക്കൽ
3 ബെൻസി പോൾ പുതിയിടം, വാഴക്കുളം
മഞ്ചു ജോസ് പറയന്നിലം, തൊടുപുഴ ഈസ്റ്റ്

## *V. 2/2021* വിദ്യാർത്ഥികൾക്കുവേണ്ടി നടത്തപ്പെട്ട കവിതാമത്സരത്തിലെ വിജയികൾ

**ഹയർ സെക്കന്ററി**

1 റോമിയ റോയി വടക്കേക്കുടിയിൽ, രണ്ടാർ
2 ഗ്രേസ് കെ. ജോസ് കപ്യാരുമലയിൽ, ആരക്കുഴ
3 അലീന മരിയ ബൈജു പള്ളിക്കാമാലിൽ, വടാട്ടുപാറ

**ഹൈസ്കൂൾ**

1 അനഹിത മരിയ സന്തോഷ് വെളിയത്ത്, പൈങ്ങോട്ടൂർ
2 ദിയ ജോർജ്ജ് അറയിൽ, കദളിക്കാട്
3 ആൻമരിയ സാജ് ആഞ്ഞിലിക്കുഴിയിൽ, വടാട്ടുപാറ

## *V. 3/2021* വിശ്വാസപരിശീലന രംഗത്ത് – 50, 45, 35, 30, 25, 20, 15,10 വർഷം പൂർത്തിയാക്കുന്നവർ

വിശ്വാസപരിശീലന രംഗത്ത് 50, 45, 35, 30, 25, 20, 15, 10 വർഷം പൂർത്തിയാക്കുന്നവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. എല്ലാവരേയും പ്രത്യേകം അനുമോദിക്കുകയും ജീവിതത്തിന്റെ ആത്മീയവും ഭൗതികവുമായ മേഖലകളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു. തുടർന്നും നിങ്ങളുടെ സേവനം വിശ്വാസപരിശീലനരംഗത്ത് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ജനുവരി 10–ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**50**

ജോസ് റ്റി.യു. തെള്ളിയാങ്കൽ, കാളിയാർ

**45**

ജോയി ജേക്കബ് കളമ്പാടൻ, കുറുപ്പംപടി

**35**

ജോർജ്ജ് പി.ജെ. പാലപ്പറമ്പിൽ, പള്ളിക്കാമുറി
പി.വി. ജോർജ്ജ് പൊട്ടയ്ക്കൽ, രണ്ടാർ

**30**

സി. സോഫിയ നമ്പേലിൽ എസ്.എ.ബി.എസ്., കാളിയാർ

ജോയി സെബാസ്റ്റ്യൻ തെങ്ങുംപിള്ളിൽ, പള്ളിക്കാമുറി
മേരിക്കുട്ടി ജോർജ്ജ് കുന്നത്തോട്ടേൽ, നാകപ്പുഴ
സോവിച്ചൻ എസ്. മുണ്ടയ്ക്കാമറ്റത്തിൽ, വാഴക്കാല
സി. മരിയ താന്നിക്കൽ എസ്.എ.ബി.എസ്., പന്നിമറ്റം
സി. റോസിലി മാത്യു ചെറുകുന്നേൽ എസ്.എ.ബി.എസ്., കാവക്കാട്
ജോഷി ജോർജ് വരിയ്ക്കമാക്കൽ, വെട്ടിമറ്റം

**25**

സി. ആൻസി പ്ലാമൂട്ടിൽ എസ്.എ.ബി.എസ്., കത്തീഡ്രൽ
ജിജി ജോൺ പാലക്കുഴിയിൽ, പെരിങ്ങഴ
സി. ട്രീസ എഫ്.സി.സി., തെന്നത്തൂർ
ജോർജ്ജ് മാത്യു പറമ്പിൽ, ചിലവ്
സെലിൻ സിറിയക് തടത്തിൽ, ചിലവ്
സി. ജെസ്സി വലിയവീട്ടിൽപറമ്പിൽ, കുണിഞ്ഞി
സി. മേബിൾ കുഴിക്കാട്ടുമാലിൽ എസ്.എ.ബി.എസ്., പാറപ്പുഴ
ബിനു തോമസ് വട്ടക്കുന്നേൽ, വണ്ടമറ്റം
സി. റെജീന സി.എം.സി., മൂവാറ്റുപുഴ
അനിറ്റ് ഒറോപ്ലാക്കൽ എസ്.എച്ച്., നേര്യമംഗലം
ചിന്നമ്മ ജോൺ കോയ്ത്താനത്ത്, കുളപ്പുറം
ട്രീസ ജോസ് കാവാലത്ത്, നെടിയകാട്
തെയ്യാമ്മ ബേബി വാണിയേടത്ത്, പന്നിമറ്റം
ജോസ് പോൾ ഒറോപ്ലാക്കൽ, ആയവന
സി. ജിൻസി സി.എസ്.എൻ, നടുക്കര

**20**

റോയി ജോസഫ് ഓടയ്ക്കൽ, ആരക്കുഴ
സി. ലിറ്റിൽഫ്ളവർ സി.എം.സി., ആരക്കുഴ
ജെസ്സി ജോസഫ് കൂന്നംപറമ്പിൽ, പള്ളിക്കാമുറി
ഓമന ജോസഫ് അമയപ്പറമ്പിൽ, തട്ടക്കുഴ
ഷൈനി വർഗീസ് കൊട്ടേക്കുടി, മലയിൻകീഴ്
മോളി ജോസ് കൂട്ടുങ്കൽ, മാലിപ്പാറ
ഷാജു ഐസക് കൊച്ചുപുരയ്ക്കൽ, കുണിഞ്ഞി
സി. സീലിയ പെരുമ്പനാനി എഫ്.സി.സി., വാഴക്കാല

സി. സിജി എഫ്.സി.സി., പൈങ്ങോട്ടൂർ
സി. സെലസ്റ്റിൻ എസ്.എ.ബി.എസ്., ചിറ്റൂർ
വിൽസൺ എം.സി. മാങ്കുടിയിൽ, കാവക്കാട്
ജൂബി ജോസഫ് നെടുംതടത്തിൽ, ഞാറക്കാട്
ജോമോൻ കെ. ബി. കോട്ടയ്ക്കകത്ത്, വെട്ടിമറ്റം
ജാക്സൺ ജേക്കബ് ചെറുകുന്നേൽ, വെട്ടിമറ്റം

**15**

സി. മരിയ റോസ് സി.എം.സി., ആരക്കുഴ
റോസിലി ബേബി മാടപ്പിള്ളിൽ, ചീനിക്കുഴി
ജെയ്മോൾ ജോളി പൂവൻതുരുത്തിൽ, പള്ളിക്കാമുറി
സാലി ജോസഫ് രണ്ടാംകുന്നേൽ, പള്ളിക്കാമുറി
മേരി ജോർജ്ജ് തെക്കേക്കര, കത്തീഡ്രൽ
ബിജു റാഫേൽ ചുള്ളിയിൽ, കത്തീഡ്രൽ
സി. ജൂലി മരിയ സി.എസ്.എൻ., കത്തീഡ്രൽ
സി. മരിയ റാണി എഫ്.സി.സി., കലൂർ
ഡേഴ്സി ആന്റണി കവുന്നുകാട്ടിൽ, കുണിഞ്ഞി
മിനി ജോർജ്ജ് നാക്കുഴിക്കാട്ടിൽ, നെടിയശാല
സി. റിയ സി.എം.സി., നെടിയശാല
സി. ലിറ്റി എസ്.എച്ച്., മൂവാറ്റുപുഴ
സി. ആൽഫി ഒഴുകയിൽ, എസ്.എ.ബി.എസ്., മൂവാറ്റുപുഴ
റീജ ജേക്കബ് പറയിടത്തിൽ, രണ്ടാർ
ഡൊമിനിക് മാത്യു കിളിവള്ളിക്കൽ, കടവൂർ
റ്റീന മാത്യു തെക്കേക്കുന്നേൽ, കടവൂർ
ഷൈനി ബിനോയി പെരുമ്പുഴപകുതിയിൽ, നെടിയകാട്
സോജൻ മാത്യു നെടുംപുറത്ത്, ആയവന
ബിൻസൺ ജോർജ്ജ് മുട്ടത്തുകുടിയിൽ, ഏനാനല്ലൂർ
സി. ജിസ പുതുശ്ശേരിവെട്ടിയാടൻ എസ്.എ.ബി.എസ്., കദളിക്കാട്
സി. ജോയിസ് ചിറ്റടിയിൽ എസ്.എ.ബി.എസ്. കദളിക്കാട്

ഷേർളി ഷാജി കളമ്പുകാട്ട്, കല്ലൂർക്കാട്
ഹേമ ജെറോം കുറുപ്പുമഠം, നടുക്കര
പ്രിൻസ് റ്റി. ജോർജ്ജ് തുരുത്തിപ്പിള്ളിൽ, വാഴക്കുളം
വത്സമ്മ ജോർജ്ജ് നമ്പ്യാപറമ്പിൽ, വാഴക്കുളം

**10**

സി. അർച്ചന സി.എം.സി., അരിക്കുഴ
സി. ലിസ് ജോസ് സി.എം.സി., അരിക്കുഴ
സി. റോസ്‌ലിൻ പുളിക്കൽ എസ്.എ.ബി.എസ്., ചിലവ്
സി. പ്രദീപ എം.എസ്.ജെ., കരിമണ്ണൂർ
സി.എൽസി ഫ്രാൻസീസ് എസ്.എച്ച്., കത്തീഡ്രൽ
ടെറ്റി സാബു കുറുന്താനത്ത്, കോട്ടപ്പടി
മീന മാത്യു ഇല്ലിമൂട്ടിൽ, കുറുപ്പംപടി
ഷാജി ആന്റണി മലേക്കുടി, മലയിൻകീഴ്
ചിന്നമ്മ ജോസ് പീച്ചാട്ടുകുടി, മലയിൻകീഴ്
അനു സിജു കടവുങ്കൽ, മാലിപ്പാറ
സി. ക്ലെയർലറ്റ് സി.എം.സി., മാലിപ്പാറ
സോണിയ റെജി കൊട്ടിശ്ശേരിക്കുടിയിൽ, മാതിരപ്പിള്ളി
ജോസ് സി.ജെ. ചമ്പക്കര, നെല്ലിക്കുഴി
സ്വപ്ന സിറിയക് കുന്നംകുഴയ്ക്കൽ, നെല്ലിക്കുഴി
ജെയ്സൺ ജോസഫ് പുൽപ്പറമ്പിൽ നെല്ലിമറ്റം
സി. അഞ്ചന സി.എം.സി., രാമല്ലൂർ
സി. അജോമരിയ സി.എം.സി, രാമല്ലൂർ
ഷാനിമ ഷാജൻ കരിങ്ങാട്ടിൽ, വടാട്ടുപാറ
ജോൺ പി.സി. പുളിക്കൽ, കലൂർ
ലിസി ജോസഫ് പടിഞ്ഞാറയിൽ, മൈലക്കൊമ്പ്
ജോയ്സി സാബു പനയ്ക്കൽ, നാകപ്പുഴ
സിസിലി മാത്യു പാറേക്കാട്ടിൽ, നാകപ്പുഴ
ബിൻസി ആന്റണി തിലായിൽ, മാറിക
ജോയി ജോർജ്ജ് കുര്യനാൽ, പുറപ്പുഴ

റെജി എബ്രാഹം ചക്കുളത്തിൽ, ചാലാശ്ശേരി
ലൂസി മൈക്കിൾ തുറയ്ക്കൽപുത്തൻപുരയിൽ, മുതലക്കോടം
മിനി ആന്റണി ഇഞ്ചയ്ക്കൽ, മുതലക്കോടം
ബിനു സിബി പാലമൂട്ടിൽ, മാറാടി
ജെനിഷ് വർഗീസ് കാനക്കുന്നേൽ, മേക്കടമ്പ്
സ്മിത ജോബി ഓരത്ത്, മുടവൂർ
സി. ആനി മരിയ സി.എം.സി., മൂവാറ്റുപുഴ
ജിതിൻ ജോർജ്ജ് വെള്ളാങ്കൽ, രണ്ടാർ
സി. സ്മിനു എഫ്.സി.സി., പൈങ്ങോട്ടൂർ
സി. ഫിലോ റാണി വാണിയപുരയ്ക്കൽ എസ്.എ.ബി.എസ്., ചിറ്റൂർ
റോസമ്മ പോൾ താഴത്തേടത്ത്, കലയന്താനി
ജോസ് എം.പി. മുഴുത്തേറ്റ്, നെടിയകാട്
ഷീന സിജു നെടുങ്കനാൽ, തൊടുപുഴ
അനിൽ ജെയിംസ് തോപ്പിൽ, തൊടുപുഴ
സി. അക്വീന എസ്.എം.എസ്., ബസ്ലേഹം
ഷൈനി വിനോദ് തെക്കേക്കര, ഏനാനല്ലൂർ
മഞ്ജു ജെയിംസ് കിഴക്കേമുട്ടേത്ത്, ഏനാനല്ലൂർ
സി. റെസി ഒടുവേലിൽ എസ്.എ.ബി.എസ്., കദളിക്കാട്
ആശ ഷാജു നെടുങ്കല്ലേൽ, കല്ലൂർക്കാട്
ജെസ്സി സണ്ണി ഇലഞ്ഞിക്കൽ, കല്ലൂർക്കാട്
ജോബി ജോൺ വെട്ടുകല്ലേൽ, കല്ലൂർക്കാട്
കെ.ജെ. മേരി ഇടപ്പഴത്തിൽ, വാഴക്കുളം
ജെസ്സി ജോളി നെടുങ്കല്ലേൽ, ഏഴല്ലൂർ
ഷൈമി ജോൺസൺ അടപ്പൂർ, വെട്ടിമറ്റം
ജിസി ബിജു, പടിഞ്ഞാറേക്കര, വെട്ടിമറ്റം
സി. ആൻമേരി സി.എം. സി., വെട്ടിമറ്റം
സോണിയ മാത്യു പാമ്പാറ, വെട്ടിമറ്റം

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 1/2021* **പുതുവത്സരമംഗളങ്ങൾ**

2020 വളരെയേറെ പ്രതിസന്ധികളിലൂടെ കടന്നുപോയി. ലോകജനതയെ മുഴുവൻ ബാധിച്ച കോവിഡ്-19 ഈ വർഷത്തിന്റെ ആരംഭത്തിലും നമ്മെ പിൻതുടരുകയാണ്. എങ്കിലും ലോകം പുതിയ പ്രതീക്ഷയിലാണ്. പല ലോകരാജ്യങ്ങളും കോവിഡ്-19 നെതിരെ വാക്സിൻ തയ്യാറാക്കിവരുന്നു. മാനുഷിക പരിശ്രമങ്ങളോട് ദൈവകൃപ ഒന്നുചേരുമ്പോൾ വിജയം കണ്ടെത്താനാകും. പ്രാർത്ഥനയും പരിശ്രമങ്ങളും ഒന്നിച്ച് നീങ്ങണം. പ്രതിസന്ധികളെ അതിജീവിച്ചുയരുവാൻ ദൈവകൃപയ്ക്കായി നമുക്ക് ഒരുമിച്ച് പ്രാർത്ഥിച്ച് മുന്നേറാം. ആത്മബലമുള്ളവരായി മറ്റുള്ളവർക്ക് ആത്മബലം പകർന്ന് മുന്നോട്ടുപോകാം. പുതുവർഷത്തിന്റെ നന്മകൾ എല്ലാവർക്കും ആശംസിക്കുന്നു.

*Edn. 2/2021* **ക്ലാസ്സുകളും പരീക്ഷകളും**

അധ്യയനവർഷം (2020-21) പൂർത്തിയാകാൻ ഇനി അധികം ദിവസങ്ങളില്ല. എസ്.എസ്.എൽ.സി., +2 പരീക്ഷകളുടെ വിശദവിവരങ്ങൾ വിദ്യാഭ്യാസകാര്യാലയങ്ങളിൽനിന്ന് ലഭിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക. അറിയിപ്പുകൾ പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ എന്നീ പേരുകളിലായിരിക്കും ലഭിക്കുക. അവ കൃത്യസമയത്ത് ഈ ഓഫീസിലേക്ക് അയച്ചുതരുവാൻ നിങ്ങൾ ശ്രദ്ധിക്കുമല്ലോ.

*Edn. 3/2021* **അദ്ധ്യാപക സെലക്ഷൻ**

അദ്ധ്യാപകതസ്തികകളിലേക്ക് പരീക്ഷയും അഭിമുഖവും 2021 ഏപ്രിൽ മാസത്തിലായിരിക്കും. കൂടുതൽ വിശദമായ വിവരങ്ങൾ മാർച്ച് മാസത്തിലെ ദൈവരാജ്യത്തിൽ നല്കുന്നതാണ്.

*Secretary*

# സോഷ്യൽ സർവീസ്

## *SS. 1/2021* വണ്ണപ്പുറം ജീവ മെഡിക്കൽസ് ആരംഭിച്ചു

ജീവ മെഡിക്കൽസിന്റെ അഞ്ചാമത് ഷോപ്പ് വണ്ണപ്പുറത്ത് ഇടുക്കിക്കവലയിൽ പ്രവർത്തനമാരംഭിച്ചു. 14-12-2020-ന് അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് വെരി. റവ. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ ഷോപ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് കാളിയാർ ഫൊറോന വികാരി വെരി. റവ. ഫാ. ജോൺ ആനിക്കോട്ടിൽ, മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ബാബു, പഞ്ചായത്ത് പ്രസിഡന്റ് ജയിനമ്മ ജോസഫ് എന്നിവർക്ക് ആദ്യവില്പന നടത്തി. പൈങ്ങോട്ടൂർ ഫൊറോന വികാരി വെരി. റവ. ഫാ. ജോസ് മോനിപ്പിള്ളിൽ, ജീവ മെഡിക്കൽസ് മുൻ ഡയറക്ടർ റവ. ഫാ. ജേക്കബ് തലാപ്പിള്ളിൽ, റവ. ഫാ. തോമസ് ജെ. പറയിടം, വണ്ണപ്പുറം ഇടവക വികാരി റവ. ഫാ. ജോസഫ് കോയിത്താനത്ത്, റവ. ഫാ. ജോസഫ് എഴുമായിൽ, റവ. ഫാ. ജയിംസ് മുണ്ടോളിക്കൽ, റവ. ഫാ. സിറിൾ വള്ളോംകുന്നേൽ, KSSS & ജീവ മെഡിക്കൽസ് സ്റ്റാഫ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## *SS. 2/2021* കാരക്കുന്നത്ത് ഡ്രയർ സംവിധാനം പ്രവർത്തനമാരംഭിച്ചു

കാരക്കുന്നത്ത് രൂപം കൊണ്ടിരിക്കുന്ന FPO യുടെ ഭാഗമായ ജീവ കർഷക കൂട്ടായ്മയുടെ (Jeeva FIG) ആഭിമുഖ്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഡ്രയർ സംവിധാനത്തിന്റെ പ്രവർത്തനം 22-12-2020-ന് ആരംഭിച്ചു. ഒറ്റത്തവണ 200 മുതൽ 1200 കിലോഗ്രാം വരെ പച്ചക്കപ്പ ഉണങ്ങിയെടുക്കാവുന്ന സംവിധാനമാണിത്. വാട്ടിയ കപ്പ ഡ്രയറിൽ നിക്ഷേപിച്ചാൽ 20 മുതൽ 24 മണിക്കൂർ വരെ സമയം കൊണ്ട് ഉണങ്ങിക്കിട്ടും. പച്ചക്കപ്പ കാരക്കുന്നത്ത് പ്രോസസിംഗ് യൂണിറ്റിൽ എത്തിച്ചാൽ അത് തൊണ്ടുപൊളിച്ച്, കഴുകി, അരിഞ്ഞ്, ഉണക്കി തിരികെ നൽകും. പച്ചക്കപ്പ ഒരു കിലോഗ്രാമിന് എട്ടുമുതൽ പത്തുവരെ രൂപ വരെ എന്ന തോതിലാണ് ഇപ്പോൾ പ്രോസസിംഗ് ചാർജ്ജ് നിശ്ചയിച്ചിരിക്കുന്നത്. പള്ളികളിൽ നിന്നും മഠങ്ങളിൽ നിന്നും വിവിധ വ്യക്തി

കളിൽ നിന്നും ഇതിനോടകം പ്രോസസിംഗിന് സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ മുൻകൂട്ടി ബുക്കുചെയ്തതിനുശേഷം മാത്രമേ കപ്പ പറിക്കാവൂ എന്ന് അഭ്യർത്ഥിക്കുന്നു. ബുക്കിംഗിന് ബന്ധപ്പെടുക: 7510625067 (ഓഫീസ് നമ്പർ).

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 1/2021* **കുറുപ്പംപടിയിലെ ജോസുട്ടൻ**

ചെറുപുഷ്പമിഷൻലീഗ് കോതമംഗലം രൂപതയും കുറുപ്പംപടി ശാഖയും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയാണ് കുറുപ്പംപടിയിലെ ജോസുട്ടൻ. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉപകാരപ്പെടുന്ന നല്ല സന്ദേശങ്ങൾ പാവകളി രൂപത്തിൽ അവതരിപ്പിക്കുന്ന പ്രോഗ്രാമാണിത്. കുറുപ്പംപടി അസി. വികാരി ഫാ. ജോസഫ് കൊച്ചുപുത്തൻപുരയിലിന്റെ നേതൃത്വത്തിലാണ് ഈ പരിപാടി നടത്തുന്നത്. ഇതിന്റെ 4-ാമത്തെ episode 17-12-2020-ന് Youtube ചാനലിലൂടെ സംപ്രേഷണം ചെയ്തു.

*CML 2/2021* **ആത്മരക്ഷ**

ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രതിഷ്ഠിതമായിരിക്കുന്ന നവംബർ മാസത്തിലെ അവസാനത്തെ എട്ടുദിവസം കൊച്ചുകൂട്ടുകാർ ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള അറിവുകൾ പങ്കുവയ്ക്കുന്ന വീഡിയോകൾ സമൂഹ്യമാധ്യമങ്ങളിലൂടെ പുറത്തിറക്കി.

*CML 3/2021* **പുൽക്കൂട്ടിലേക്ക്**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് വാട്സ് ആപ്പ് സ്റ്റാറ്റസ് ആയി ഉപയോഗിക്കാവുന്ന രീതിയിൽ വളരെ മനോഹരമായി സന്ദേശങ്ങളും ഗാനങ്ങളും 25 ദിവസവും പ്രസിദ്ധീകരിച്ച പ്രോഗ്രാമാണ് പുൽക്കൂട്ടിലേക്ക്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് സംഗീതസംവിധായകൻ ശ്രീ. ജെയിംസ് ബിനു ചാക്കോയ്ക്കും അഭിനന്ദനങ്ങൾ.

*CML 4/2021* **ഇടവകയ്ക്ക് ഒരു ബൈബിൾ**

കോതമംഗലം രൂപതയിലാകെ തരംഗമായിക്കൊണ്ടിരിക്കുന്ന ഇട

വകയ്ക്കൊരു ബൈബിൾ പദ്ധതി ഇതിനോടകം 86 ഇടവകകളിൽ ആരംഭിച്ചുകഴിഞ്ഞു. 50 ഓളം ബൈബിളുകൾ പൂർത്തിയാക്കി പ്രകാശനം ചെയ്യുവാനും സാധിച്ചു. മുണ്ടൻമുടി, ബസ്ലേഹം, മാലിപ്പാറ, പൊന്നന്താനം, ചിലവ് - തട്ടക്കുഴ, കോട്ടപ്പടി, രാജഗിരി, മാതിരപ്പിള്ളി, പോത്താനിക്കാട്, അരിക്കുഴ, വണ്ണപ്പുറം, നെല്ലിമറ്റം, നെല്ലിക്കുഴി, കോടിക്കുളം എന്നീ ശാഖകൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## *CML 5/2021* SANCTUS

ചെറുപുഷ്പമിഷൻലീഗ് കോതമംഗലം രൂപതയും പൊന്തിഫിക്കൽ തിരുബാലസഖ്യവും സംയുക്തമായി ശിശുദിനത്തോടനുബന്ധിച്ച് രൂപതാതലത്തിൽ സംഘടിപ്പിച്ച Fancy Dress മത്സരമായ SANCTUS -ൽ അൻപതോളം ഇടവകകളിൽ നിന്നായി 150 ഓളം കുട്ടികൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും വിജയികളായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ!!!

വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

### Boys Category

I - Siyon Salas, Vadakode
Jerome M. Jibin, Muthalakodam
II - Bernad Biju, Kottappady
III - Sinon Salas, Vadakode

### Girls Category

I - Evana Mariya Jinu, Nadukkara
II - Diza Dayas, Nakapuzha
Angel Thomas, Chittoor
III - Joanna Jellet, Kothamangalam
Emil Mariya Jis Arakuzha

## *CML 6/2021* LICITO QUIZ 2K20

ദേശീയ നിയമദിനത്തോടനുബന്ധിച്ച് ചെറുപുഷ്പമിഷൻലീഗ് കോതമംഗലം ശാഖയും രൂപതയും സംയുക്തമായി നടത്തിയ ഓൺലൈൻ ക്വിസ് മത്സരമായിരുന്നു LICITO. ആദ്യഘട്ടത്തിൽ അറുപതോളം ശാഖകളിൽ നിന്നായി 164 പേർ പങ്കെടുത്തു. തിരഞ്ഞെടുക്ക

പ്പെട്ടവർക്കായി നടത്തിയ ഫൈനൽ മത്സരത്തിൽ ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി 30 കുട്ടികൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും വിജയികളായ പ്രിയകൂട്ടുകാർക്കും ഹൃദയം നിറഞ്ഞ നന്ദി.

**സമ്മാനാർഹരായവർ**

**Senior Category**

I - Ginoj Joseph Marika
II - Lyricsson P. Rajesh Nedungapra
III - Ann Maria George Paingottoor

**Junior Category**

I - Ann Maria S. Karimannoor
II - Ashitha Benny Nakapuzha
III - Ann Therese Siju Malippara

വിജയികളായ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

*Director*

## കെ.സി.എസ്.എൽ.

*KCSL. 1/2021* **15 ഇന പുണ്യകർമ്മ പരിപാടി**

ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് 15 ഇന പുണ്യപ്രവർത്തനങ്ങൾ യൂണിറ്റുതലത്തിൽ ആവിഷ്കരിച്ചു. യുണിറ്റുതലത്തിൽ മികച്ച പ്രവർത്തനങ്ങൾ ആവിഷ്കരിക്കപ്പെട്ടു.
മത്സരഫലം.

I - St. Joseph HSS Paingottoor, SJHS Arakuzha
II - Vimala Matha HSS Kadalikad
III - SAGHSS Kothamangalam

*KCSL. 2/2021* **സമ്പൂർണ്ണ ബൈബിൾ വായന**

ക്രിസ്തുമസിനോടനുബന്ധിച്ച് 25 ദിവസം കൊണ്ട് ആനിമേറ്റേഴ്സ് എല്ലാവരും കൂടി സമ്പൂർണ്ണ ബൈബിൾ വായനായജ്ഞം വിജയകരമായി പൂർത്തീകരിച്ചു.

*KCSL. 3/2021* **ഡിസംബർ 4 KCSL ദിനം**

കെ. സി. എസ്. എൽ. ദിനം ഡിസംബർ 4-ന് തൊടുപുഴ ജയ്റാണി പബ്ലിക് സ്കൂളിൽ വച്ച് ആഘോഷിച്ചു. ഓൺലൈനിലൂടെ KCSL അംഗങ്ങൾ പങ്കെടുത്തു.

*KCSL. 4/2021* **ക്രിസ്തുമസ് മത്സരങ്ങൾ**

ക്രിസ്തുമസിനോടനുബന്ധിച്ച് ക്രിസ്തുമസ് സന്ദേശമത്സരം, ഫാമിലി കരോൾഗാന മത്സരം, മെഗാ ക്വിസ് പ്രിലിമിനറി മത്സരം (ഡിസംബർ 28) എന്നിവ ഓൺലൈനിലൂടെ സംഘടിപ്പിച്ചു.

*KCSL. 5/2021* **ആശംസകൾ**

എല്ലാ KCSL അംഗങ്ങൾക്കും പുത്തൻവർഷത്തിന്റെ പ്രതീക്ഷാനിർഭരമായ ആശംസകൾ നേരുന്നു.

*Director*

## മാതൃവേദി

*MV 1/2021* **സങ്കീർത്തനം 23 ഓൺലൈൻ മത്സരം**

ഇന്റർനാഷണൽ മാതൃവേദി നടത്തുന്ന സങ്കീർത്തനം 23 ഓൺലൈൻ മത്സരത്തിൽ 432 മാതൃവേദി അംഗങ്ങൾ പങ്കെടുത്തു.

*MV 2/2021* **Mazmur 2020**

ക്രിസ്തുമസിനൊരുക്കമായി മാതൃവേദി അംഗങ്ങൾ അണിയിച്ചൊരുക്കിയ കരോൾ ഗാന മത്സരം Mazmur 2020-ൽ 9 മേഖലകളും പങ്കെടുക്കുകയും മാതൃവേദിയുടെ Youtube channel-ൽ സംപ്രേക്ഷണം നടത്തുകയും ചെയ്തു.

*MV 3/2021* **അഖണ്ഡ ബൈബിൾ പാരായണം**

വചനം മാംസം ധരിച്ച ഈശോയോടു ചേർന്ന് ഡിസംബർ മാസത്തിൽ മാതൃവേദി അംഗങ്ങൾ അഖണ്ഡ ബൈബിൾ പാരായണം നടത്തി.

*MV 4/2021* **പ്രവർത്തന റിപ്പോർട്ട് സമാഹരണം**

2020 ജനുവരി മുതൽ ഡിസംബർ വരെയുള്ള മാതൃവേദി പ്രവർത്തനങ്ങളുടെ യൂണിറ്റ്, ഫൊറോന റിപ്പോർട്ടുകൾ സമാഹരിച്ചു.

*MV 5/2021* **ബൈബിൾ കയ്യെഴുത്ത് ശേഖരണം**

ബൈബിൾ കയ്യെഴുത്ത് മത്സരത്തിൽ 731 പേർ പങ്കെടുത്തു. ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ബൈബിൾ രൂപത യിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്

*DFC 1/2021* **രൂപതാ എക്സിക്യൂട്ടീവ് യോഗം**

01-12-2020-ന് മൂവാറ്റുപുഴ നിർമ്മല എച്ച്.എസ്.എസ്.-ൽ വച്ച് DFC രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്ന് പ്രവർത്തനങ്ങൾ വില യിരുത്തി. 2020 ഡിസംബർ 31 നകം Subzone ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ ഇടവക സമിതി തിരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ തീരു മാനിച്ചു.

*DFC 2/2021* **ദീപിക കലണ്ടർ വിതരണ ഉദ്ഘാടനം**

ഡിസംബർ 3-ന് രൂപതാ എക്സിക്യൂട്ടീവ് സമിതിയംഗങ്ങൾ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാ വിനെ സന്ദർശിച്ചു. DFC-യുടെ പ്രവർത്തനങ്ങളിൽ നേരിടുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. അഭിവന്ദ്യ പിതാവ് പ്രശ്നപരിഹാരമാർഗ്ഗ ങ്ങളും DFC യുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും നല്കി.

നമ്മുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് ശരിയായ മാധ്യമ അവ ബോധം ലഭ്യമാക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. നന്മയുടെ ശബ്ദമായി നിലകൊള്ളുന്ന ദീപികയെ തളരാതെ നിലനിർത്തേണ്ടത് നമ്മുടെ കടമയാണെന്നും, അതിനായി നാം ഒരുമിച്ചുനിന്ന് സന്മന സ്സോടെ പ്രവർത്തിക്കണമെന്നും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു.

യോഗത്തിൽ വച്ച് ദീപിക കലണ്ടറിന്റെ രൂപതാതല വിതരണോ ദ്ഘാടനം DFC രൂപതാ ഡയറക്ടർ ഫാ. ജോസ് കിഴക്കേലിന് നല്കി ക്കൊണ്ട് അഭിവന്ദ്യപിതാവ് നിർവഹിച്ചു.

*DFC 3/2021* **വിജയികൾക്ക് അനുമോദനങ്ങൾ**

ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയിച്ച DFC ഭാരവാഹികളായ

| | | |
|---|---|---|
| ശ്രീ. ജിജു ഓണാട്ട് | - | ആരക്കുഴ ഫൊറോന ട്രഷറർ (ആരക്കുഴ ഗ്രാമപഞ്ചായത്ത്) |
| ശ്രീമതി മേഴ്സി ജോസ് | - | വനിതാ വിഭാഗം രൂപതാ ജോയിന്റ് സെക്രട്ടറി (പാലക്കുഴ ഗ്രാമപഞ്ചായത്ത്) |
| ശ്രീമതി നൈസി ഡാനിയൽ | - | വനിതാവിഭാഗം കരിമണ്ണൂർ ഫൊറോന ജോയിന്റ് സെക്രട്ടറി (ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്) |
| ശ്രീമതി അൽഫോൻസ സാജു | - | വെളിയേൽച്ചാൽ ഇടവക വനിതാവിഭാഗം പ്രസിഡന്റ് (കീരംപാറ ഗ്രാമപഞ്ചായത്ത്) |
| ശ്രീമതി ബീന റോജോ | - | വെളിയേൽച്ചാൽ ഇടവക വനിതാവിഭാഗം ജോയിന്റ് സെക്രട്ടറി (കീരംപാറ ഗ്രാമപഞ്ചായത്ത്) |
| ശ്രീമതി മഞ്ചു സാബു | - | വെളിയേൽച്ചാൽ ഇടവക എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം (കീരംപാറ ഗ്രാമപഞ്ചായത്ത്) |
| ശ്രീമതി സിനി ബിജു | - | മൂവാറ്റുപുഴ യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം (മൂവാറ്റുപുഴ നഗരസഭ) |

എന്നിവർക്കും, വിജയികളായ രൂപതാ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും DFC രൂപതാ സമിതിയുടെ അനുമോദനങ്ങൾ.

*DFC 4/2021* **Subzone കമ്മിറ്റിയോഗം**

ഡിസംബർ 19-ന് പൈങ്ങോട്ടൂർ ചർച്ച് മിനി പാരീഷ് ഹാളിൽ വച്ച് DFC കോതമംഗലം Subzone യോഗം ചേർന്നു. Subzone ഡയറക്ടർ ബഹു. ജോസ് മോനിപ്പിള്ളി അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. Subzone Co-Ordinator ലോറൻസ് ഏനാനിക്കൽ വിഷയാവതരണം നടത്തി. തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**DFC 5/2021** **ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ**

ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗ ളാശംസകൾ നേരുന്നു.

**DFC 6/2021** **രൂപതാസമിതിയോഗം**

ഡിസംബർ 22-ാം തീയതി മുതലക്കോടം പള്ളി പാരീഷ് ഹാളിൽ വച്ച് DFC രൂപതാ സമിതി യോഗം ചേർന്നു. കേന്ദ്രസർക്കാർ പാസാ ക്കിയ കാർഷിക ബില്ലിനെതിരെ ഡൽഹിയിൽ നടക്കുന്ന കർഷകസ മരത്തിന് പിന്തുണ പ്രഖ്യാപിച്ച് പ്രമേയം പാസ്സാക്കി. രൂപതാ സമിതി യിൽ ഒഴിവുവന്ന സ്ഥാനങ്ങളിലേക്ക് താഴെ പറയുന്നവരെ തിരഞ്ഞെ ടുത്തു.

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് | - സണ്ണി കോലഞ്ചേരിൽ | - 9447066865 |
| ജോ. സെക്രട്ടറി | - കെ.സി. ബെന്നി കരിമ്പാനിയിൽ | - 9495676117 |
| വനിതാവിഭാഗം | - റൂബി തോമസ് നെടുങ്കല്ലേൽ | - 9495495428 |

*Co-ordinator*

## യുവദീപ്തി

**YD 1/2021** **കർഷകദ്രോഹനടപടികൾക്കെതിരെ ഉപവാസ സമരം**

രാജ്യമെങ്ങും കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കർഷക പ്രക്ഷോ ഭങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും കുട്ടമ്പുഴ, കീരംപാറ പഞ്ചായത്തുകളെ ബഫർ സോണിൽ ഉൾപ്പെടുത്തിയ തീരുമാനം പുനഃ പരിശോധിക്കുക, കൃഷിയിടങ്ങളിലെ വന്യമൃഗശല്യം പരിഹരിക്കുക, കാർഷികവിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം ഉടൻ ലഭ്യമാക്കുക, കുടിയേറ്റ കർഷകരുടെ പട്ടയപ്രശ്നത്തിനു പരി ഹാരം കാണുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടും യുവദീ പ്തി- കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കുട്ടമ്പുഴ ടൗണിൽ വച്ച് ഏകദിന ഉപവാസസമരം നടത്തി. കെ.സി. വൈ.എം. സംസ്ഥാന പ്രസിഡന്റ് ബിജോ പി. ബാബു ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജിബിൻ ജോർജ്ജ് അധ്യക്ഷത വഹിച്ചു. ജനസംരക്ഷണ സമിതി ഡയക്ടർ റവ. ഫാ. കുര്യാക്കോസ് കണ്ണം

പള്ളിയിൽ വിഷയാവതരണവും കോതമംഗലം രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഡോ. തോമസ് പറയിടം മുഖ്യപ്രഭാഷണവും നടത്തി. രൂപതാ ജനറൽ സെക്രട്ടറി ജോർബിൻ ബേബി, ജനസംരക്ഷണസമിതി എക്സിക്യൂട്ടീവ് മെമ്പർ സിജുമോൻ ഫ്രാൻസീസ്, റവ. ഫാ. പോൾ കളത്തൂർ, റവ. ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, ശ്രീ. ഷൈജു ഇഞ്ചയ്ക്കൽ, ശ്രീ. ടോം ചക്കാലക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

രൂപതാഭാരവാഹികളായ ജിബിൻ ജോർജ്ജ്, റോജിൻ മാത്യു, സെബിൻ ആന്റണി, ബിബിന ജോസ്, ഫിയോണ ബെന്നി, അനു ഫ്രാൻസീസ് എന്നിവർ ഉപവാസമനുഷ്ഠിച്ചു.

സമാപന സമ്മേളനം കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. എ.കെ.സി.സി. രൂപതാ ഡയറക്ടർ റവ. ഡോ. തോമസ് ചെറുപറമ്പിൽ, ഇൻഫാം രൂപതാ ഡയറക്ടർ റവ. ഫാ. റോബിൻ പടിഞ്ഞാറേക്കൂറ്റ്, ശ്രീ. സണ്ണി കടൂത്താഴെ, ശ്രീ. ദീപക് ചേർക്കോട്ട് എന്നിവർ പ്രസംഗിച്ചു.

ഉപവാസസമരത്തിന് പന്തുണയുമായി എത്തിച്ചേർന്ന എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും എല്ലാ യുവജനസുഹൃത്തുക്കളെയും നന്ദിയോടെ ഓർക്കുന്നു.

### *YD 2/2021* **Stella de Nathale**

യേശുനാഥന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ ക്രിസ്തുമസ്സിന്റെ പാരമ്പര്യങ്ങളും ഐതിഹ്യങ്ങളും കൂട്ടിയിണക്കിക്കൊണ്ട് വീഡിയോകൾ Stella de Nathale എന്ന പേരിൽ കെ.സി.വൈ.എം.ന്റെ ഔദ്യോഗിക ചാനൽ വഴിയായി സംപ്രേക്ഷണം ചെയ്തു. സഹകരിച്ച എല്ലാ ഫൊറോനകൾക്കും നന്ദി.

### *YD 3/2021* **ജിബിൻ മെമ്മോറിയൽ ക്വിസ്**

അകാലത്തിൽ നമ്മോടു വേർപിരിഞ്ഞ മുൻരൂപതാ സെക്രട്ടറി ജിബിൻ ജോളി ബേബിയുടെ അനുസ്മരണാർത്ഥം നടത്തി വരുന്ന ക്വിസ് മത്സരം ഡിസംബർ 12-ന് ഓൺലൈനായി നടത്തപ്പെട്ടു. വാശിയേറിയ മത്സരത്തിൽ പങ്കെടുത്ത എല്ലാ യുവജനസുഹൃത്തുക്കൾക്കും അവരെ പ്രോത്സാഹിപ്പിച്ച ഫൊറോന - യൂണിറ്റ് ഡയറക്ടേഴ്സ്, ആനി

മേറ്റേഴ്സ് എന്നിവർക്കും ഏറെ നന്ദി. വിജയികളെ ഉടൻ പ്രഖ്യാപിക്കുന്നതാണ്.

*YD 4/2021* **ഉത്സവ് 2020**

ഉത്സവ് 2020 സംസ്ഥാനകലോത്സവം വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചു. വിവിധ ഇനങ്ങളിൽ നടത്തപ്പെട്ട കലോത്സവത്തിൽ പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും സഹകരിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി.

*YD 5/2021* **ക്രിസ്തുമസ് പുതുവത്സരാശംസകൾ**

സ്നേഹത്തിന്റേയും സമാധാനത്തിന്റേയും നക്ഷത്രങ്ങളുദിച്ച ഒരു ക്രിസ്തുമസ് കാലം കൂടി കടന്നുപോയിരിക്കുന്നു. പുത്തൻപ്രതീക്ഷകളുമായി ഒരു പുതുവത്സരം കൂടി വന്നെത്തിയിരിക്കുന്നു. ഏവർക്കും യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ ക്രിസ്തുമസ് പുതുവത്സരാശംസകൾ നേരുന്നു.

*Director*

---

## ജീസസ് യൂത്ത്

---

*JY 1/2021* **LSS (Life in Spirit Seminar)**

ജീസസ് യൂത്ത് കോതമംഗലം സോൺ പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സോണിലെ വിവിധ ഇടവകളിൽ നിന്നായി 46 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ലൈഫ് ഇൻ സ്പിരിറ്റ് സെമിനാർ നടത്തപ്പെട്ടു . ഒരു മാസം നീണ്ടുനിന്ന സെമിനാർ ഒന്നര മണിക്കൂറിന്റെ പല മൊഡ്യൂളുകളായിട്ടാണ് പൂർത്തീകരിച്ചത്.

*JY 2/2021* **ഡിസംബർ ഹൗസ്ഹോൾഡ്**

ഡിസംബർ മാസത്തെ ഓൺലൈൻ ഹൗസ്ഹോൾഡ് കൂട്ടായ്മ ഡിസംബർ 13 ഞായറാഴ്ച നടത്തപ്പെട്ടു. 48 പേർ പങ്കെടുത്ത ഹൗസ്ഹോൾഡിൽ ക്രിസ്തുമസ് സ്പെഷ്യൽ ആക്ടിവിറ്റീസും നടത്തപ്പെടുകയുണ്ടായി.

*JY 3/2021* **Praise & worship വർക്ക്ഷോപ്പ്**

സോണൽ ഇന്റർസെഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ

ഡിസംബർ 20 ന് praise & worship-ന്റെ ഒരു വർക്ക്ഷോപ്പ് നടത്തപ്പെട്ടു. പ്രമുഖ ജീസസ് യൂത്ത് ബാന്റായ റെക്സ് ബാന്റ് കോ-ഓർഡിനേറ്റർ Shelton Phinerio ആണ് വർക്ക്ഷോപ്പ് നയിച്ചത്.

*JY 4/2021* **VOLT പ്രോഗ്രാം**

സോണൽ ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഡിസംബർ 23 ബുധനാഴ്ച, VOLT (venture of love & togetherness) എന്ന പേരിൽ ഒരു ഓൺലൈൻ ക്യാമ്പസ് മിനിസ്ട്രി ഗ്യാതറിംങ് നടത്തപ്പെട്ടു.

*JY 5/2021* **ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 25-ന് സോണൽ തലത്തിൽ ക്രിസ്തുമസ് ആഘോഷ പരിപാടികൾ ഓൺലൈൻ രീതിയിൽ നടത്തപ്പെട്ടു.

*JY 6/2021* **സെൻട്രൽ പ്രയർ മീറ്റിംഗ്**

മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും സെൻട്രൽ പ്രയർ മീറ്റിംഗ് വൈകുന്നേരം 5 മുതൽ 6 വരെ ഓൺലൈൻ ആയി നടക്കുന്നു.

*Animator*

## കത്തോലിക്കാ കോൺഗ്രസ്

*CC 1/2021* **കത്തോലിക്കാ കോൺഗ്രസിന്റെ "കർഷകജ്വാല"**

കേന്ദ്രസർക്കാരിന്റെ വിവാദ കർഷകബില്ല് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡൽഹിയിൽ ലക്ഷക്കണക്കിന് കർഷകർ 25 ദിവസമായി നടത്തുന്ന കർഷകസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാകോൺഗ്രസ് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുമ്പിൽ കർഷകജ്വാല നടത്തി.

19-12-2020 ശനിയാഴ്ച രാവിലെ 10.30-ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച കർഷകജ്വാല പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞ ഡോ. മേരി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. കർഷകജ്വാലയ്ക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് വിവിധ രാഷ്ട്രീയ നേതാക്കൾ പ്രസംഗിച്ചു.

തിരുവനന്തപുരത്തു നടന്ന കർഷകജ്വാലയിൽ കോതമംഗലം രൂപതയിൽ നിന്നും കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ഐപ്പച്ചൻ തടിക്കാട്ട്, ജനറൽ സെക്രട്ടറി ജോസ് പുതിയിടം, ട്രഷറർ ജോൺ മുണ്ടൻകാവിൽ എന്നിവർ ഉൾപ്പെടെ 37 പേർ പങ്കെടുത്തു.

*CC 2/2021* **"കർഷകജ്വാല" കോതമംഗലത്ത്**

അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന കർഷകരോട് പക്ഷം ചേരാൻ കോതമംഗലം രൂപത ബിഷപ് മാർ ജോർജ്ജ് മഠത്തിക്കണ്ട ത്തിൽ ആഹ്വാനം ചെയ്തു. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിവാദ കർഷക ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡൽഹി യിൽ കർഷകർ നടത്തുന്ന സമരത്തിന് പിന്തുണ അറിയിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് കോതമംഗലം ഫൊറോനയുടെ ആഭിമു ഖ്യത്തിൽ 19-12-2020-ന് കോതമംഗലം KSRTC ജംഗ്ഷനിൽ നടത്തിയ "കർഷകജ്വാല" സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുക യായിരുന്നു അഭിവന്ദ്യ പിതാവ്.

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം ഫൊറോന പ്രസി ഡന്റ് ശ്രീ. സണ്ണി കടുത്താഴെയുടെ നേതൃത്വത്തിൽ നടത്തിയ "കർഷ കജ്വാല" സമരത്തിൽ വന്യമൃഗശല്യം തടയാൻ നടപടികൾ സ്വീകരി ക്കുക, തട്ടേക്കാട് പക്ഷിസങ്കേതത്തിനായ് പ്രഖ്യാപിച്ച ബഫർസോൺ പരിധി പുതുക്കി നിശ്ചയിക്കുക, പട്ടയപ്രശ്നം പരിഹരിക്കുക എന്നീ ആവശ്യങ്ങൾകൂടി ഉന്നയിക്കപ്പെടുകയുണ്ടായി.

കോതമംഗലം മുൻസിപ്പൽ ജംഗ്ഷനിൽ ആരംഭിച്ച പ്രതിഷേധ ജ്വാല മാർച്ച് കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത ഡയ റക്ടർ റവ. ഡോ. തോമസ് ചെറുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം രൂപതാ ഡയറക്ടർ റവ. ഫാ. റോബിൻ പടഞ്ഞാറേക്കൂറ്റ് സമാപനസന്ദേശം നല്കി. ഫൊറോന സെക്രട്ടറി ശ്രീ. ഷൈജു ഇഞ്ച ക്കൽ, രൂപതാ വൈസ് പ്രസിഡന്റ് ശ്രീ. ജോയി പോൾ പീച്ചാട്ട്, രൂപതാ സെക്രട്ടറി അഡ്വ. വി. യു. ചാക്കോ എന്നിവർ പ്രസംഗിച്ചു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 1/2021* **വനിതാ ഫോറം എക്സിക്യൂട്ടീവ്**

KLM വനിതാ ഫോറം രൂപതാ എക്സിക്യൂട്ടീവ് ജനുവരി 9-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് ഗൂഗിൾ മീറ്റായി ചേരുന്നു. അസംഘടിത തൊഴിലാളി ഫോറത്തിന്റെയും തയ്യൽ തൊഴിലാളി ഫോറത്തിന്റെയും സോണൽ ഭാരവാഹികളാണ് ഈ യോഗത്തിൽ പങ്കെടുക്കേണ്ടത്.

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Sebastian Arolichalil | January | 20 |
| " | Sebastian Kadambanatt | " | 20 |
| " | Sebastian Kanimattathil | " | 20 |
| " | Sebastian Konthempillil | " | 20 |
| " | Sebastian Namattathil | " | 20 |
| " | Sebastian Nedumpurath | " | 20 |
| " | Sebastian Pannarakunnel | " | 20 |
| " | Sebastian Pothanamuzhi | " | 20 |
| " | Sebastian Thumbamattathil | " | 20 |
| " | Sebastian Thuruthippillil | " | 20 |
| " | Sebastian Valiyathazhathu | " | 20 |
| " | Sebastian Valloppillil | " | 20 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**നവംബർ 2020**

21 ● കോഴിപ്പിള്ളി മഠം കപ്പേളയിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനീസമൂഹത്തിലെ അംഗങ്ങളായ വീണ മരിയ ആലപ്പാട്ട്, മരീന സേവ്യർ കരിമറ്റത്തിൽ, റ്റിയ ഷാജു പൂവണിക്കുന്നേൽ എന്നിവരുടെ സഭാവസ്ത്രസ്വീകരണ തിരുക്കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

22 ● തൊടുപുഴ വിജ്ഞാനമാത പള്ളിയുടെ രജത ജൂബിലിയോടനുബന്ധിച്ച് നടത്തിയ Online ധ്യാനത്തിൽ സന്ദേശം നൽകി.

24 ● രൂപതയിലെ എല്ലാ സന്യാസിനീസഭകളിലെയും സിസ്റ്റേഴ്സിന്റെ പ്രതിനിധികളുടെ Online മീറ്റിംഗിൽ സന്ദേശം നൽകി.

25 ● രൂപതയിലെ വിവിധ സന്യാസസഭകളിലെ വൈദികരുടെ പ്രതിനിധികളുടെ Online മീറ്റിംഗിൽ സന്ദേശം നൽകി.

26 ● SD സന്യാസിനീസമൂഹത്തിൽ രജതജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനു വേണ്ടി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

27 ● കോതമംഗലം ഇടുക്കി രൂപതകളിലെ രജതജൂബിയാഘോഷിക്കുന്ന വൈദികരെ അനുമോദിക്കുവാൻ മൈനർ സെമിനാരിയിൽ ചേർന്ന യോഗത്തിൽ സന്ദേശം നൽകി.

28 ● കോതമംഗലം CMC Town മഠത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

30 ● വിദേശത്ത് ആയിരിക്കുന്ന രൂപതയിലെ വൈദികരുടെ Online Meeting -ൽ സന്ദേശം നല്കി.

● ജീവ മിൽക്ക് സൊസൈറ്റി നിർമ്മിച്ച് നല്കിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മവും താക്കോൽദാനവും നടത്തി.

**ഡിസംബർ 2020**

01 ● ഡിസംബർ 1 മുതൽ 3 വരെ നടന്ന KCBC Online Meeting -ൽ പങ്കെടുത്തു.

● കത്തീഡ്രൽ ദൈവാലയത്തിന്റെ ശിലാസ്ഥാപന ശതാബ്ദിയാ

ഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

04 • വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പുതിയ ചാപ്പലിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

05 • കത്തീഡ്രൽ ദൈവാലയത്തിൽ 40 മണി ആരാധനയുടെ സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

08 • കോതമംഗലം രൂപതാ മീഡിയ മിനിസ്ട്രിയുടെ (കാർലോ ടി.വി.) പുതിയ ഓഫീസും സ്റ്റുഡിയോയും വെഞ്ചരിച്ചു.

• മാതാവിന്റെ അമലോത്ഭവ തിരുനാളിൽ തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

09 • കോതമംഗലം പ്രാർത്ഥനാഗ്രൂപ്പിന്റെ പ്രതിനിധികളുടെ Online Meeting -ൽ പങ്കെടുത്തു.

11 • മാറാടി ഇടവകാംഗമായ ബഹു. ജോർജ്ജ് കുരുക്കൂർ അച്ചന്റെ സഹോദര ഭാര്യയുടെ മൃതദേഹത്തിനരുകിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

13 • ബസ്ലഹം ഇടവകാംഗമായ മൂവാറ്റുപുഴ നിർമ്മല കോളേജ് പ്രിൻസിപ്പൽ കെ.വി. തോമസിന്റെ ഭാര്യ ഹൈമ തോമസ് കപ്യാരുമലയിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

• രണ്ടാർ ഇടവകയിൽ Online Pastoral Visit നടത്തി.

14 • ജീവ മെഡിക്കൽസിന്റെ പുതിയതായി ആരംഭിച്ച വണ്ണപ്പുറത്തെ മെഡിക്കൽ സ്റ്റോറിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

15 • രൂപത പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

19 • Online ആയി നടത്തപ്പെട്ട രൂപതാ Pastoral Council Meeting -ൽ അദ്ധ്യക്ഷത വഹിച്ചു.

• ഫാമിലി അപ്പോസ്റ്റലേറ്റിന്റെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ ജൂബിലി ദമ്പതീസംഗമത്തിൽ വി. ബലിയർപ്പിക്കുകയും Online ആയി നടത്തപ്പെട്ട മീറ്റിംഗിൽ സന്ദേശം നല്കുകയും ചെയ്തു.

# Bishop's Engagements

## January 2020

| | | | | |
|---|---|---|---|---|
| 02 | Sat | • Ordination | Chempu | 9.15 am |
| | | | Cathedral | 4.00 pm |
| 04 | Mon | • Ordination | Vazhakala | 9.15 am |
| 05 | Tue | • Vestition | SD Provincial House | 10.30 am |
| 06 | Wed | • Ordination | Vazhakulam | 9.15 am |
| 06-07 | | • Commission Visit | Mangalapuzha Seminary | |
| 09 | Sat | • Holy Mass | Peringuzha | 9.00 am |
| | | • Baptism | Purapuzha | 11.00 am |
| 11-17 | | • Online Synod | | 5.00 pm - 7.00 pm |
| 14 | Thu | • Silver Jubilee | CHF Provincial House | 10.30 am |
| 28 | Thu | • Ordination | Bethleham | 9.15 am |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. അഗസ്റ്റിൻ പള്ളിക്കുന്നേൽ | ചരമദിനം | 01-02-2011 |
| ഫാ. ജോർജ് പുഞ്ചേക്കുന്നേൽ | ” | 03-02-2014 |
| ഫാ. മാത്യു മുണ്ടയ്ക്കൽ (ഈശോ അച്ചൻ) | ” | 10-02-2016 |
| ഫാ. ജോസഫ് പാറയിൽ | ” | 12-02-2017 |
| ഫാ. ജോസ് പുന്നോലിൽ | ” | 14-02-1996 |
| ഫാ. ജേക്കബ് നെടുങ്കല്ലേൽ | ” | 17-02-2007 |
| ഫാ. ജോൺ വലിയമറ്റം | ” | 19-02-1999 |
| ഫാ. ജോൺ പടിഞ്ഞാട്ടുവയലിൽ | ” | 23-02-2020 |
| ഫാ. മാത്യു കുന്നത്ത് | ” | 25-02-1998 |
| ഫാ. തോമസ് തോളത്തിൽ | ” | 26-02-2000 |
| ഫാ. ജോർജ് കാഞ്ഞിരക്കൊമ്പിൽ | ” | 29-02-2016 |

# നിര്യാതരായി

## സി. വിമല മേരി CMC (ചാലിൽ)

| | | |
|---|---|---|
| ഇടവക | - | കോടിക്കുളം |
| ജനനം | - | 13-04-1941 |
| ആദ്യവ്രതം | - | 01-05-1970 |
| നിത്യവ്രതം | - | 26-05-1975 |
| മരണം | - | 04-12-2020 |
| മൃതസംസ്കാരം | - | 04-12-2020 (കത്തീഡ്രൽ) |

## സി. ഫ്ളോറൻസ് FCC (കാക്കിയാനിയിൽ)

| | | |
|---|---|---|
| ഇടവക | - | മാനത്തൂർ |
| ജനനം | - | 23-01-1948 |
| ആദ്യവ്രതം | - | 09-05-1966 |
| നിത്യവ്രതം | - | 25-05-1971 |
| മരണം | - | 13-12-2020 |
| മൃതസംസ്കാരം | - | 15-12-2020 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. ബർണ്ണദീത്ത SABS (നമ്പേലിൽ)

| | | |
|---|---|---|
| ഇടവക | - | കോടിക്കുളം |
| ജനനം | - | 20-12-1933 |
| ആദ്യവ്രതം | - | 11-01-1955 |
| നിത്യവ്രതം | - | 15-04-1959 |
| മരണം | - | 14-12-2020 |
| മൃതസംസ്കാരം | - | 14-12-2020 (മാറിക) |

## സി. അമല CMC (കുന്നപ്പിള്ളിൽ)

| | | |
|---|---|---|
| ഇടവക | - | കണ്ണോത്ത്, തലശ്ശേരി |
| ജനനം | - | 22-05-1950 |
| ആദ്യവ്രതം | - | 10-04-1969 |
| നിത്യവ്രതം | - | 24-05-1976 |
| മരണം | - | 25-12-2020 |
| മൃതസംസ്കാരം | - | 26-12-2020 (കത്തീഡ്രൽ, കോതമംഗലം) |

Ref: 3417 /K-5/KCBC/OL/DS 29.12.2020

# 54-ാം ലോക സമാധാന ദിനാചരണം

## 30 ജനുവരി 2021

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

### സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാതയെന്ന നിലയിൽ

1. പുതുവർഷത്തിന്റെ ഉദയത്തിൽ സ്റ്റേറ്റുകളുടെയും ഗവൺമെന്റുകളുടെയും തലവന്മാർക്കും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കൾക്കും ആധ്യാത്മിക നേതാക്കൾക്കും വിവിധമതങ്ങളുടെ അനുയായികൾക്കും സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും ഞാൻ ഹൃദയംഗമമായ ആശംസ നേരുന്നു. വ്യക്തികളും സമൂഹങ്ങളും ജനതകളും രാഷ്ട്രങ്ങളും തമ്മിലുള്ള സാഹോദര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും പാതയിലൂടെ മുന്നേറാൻ മനുഷ്യവംശത്തെ സമാഗതമാകുന്ന വർഷം ശക്തിപ്പെടുത്തട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

കോവിഡ്-19 മൂലമുണ്ടായ വ്യാപകമായ ആരോഗ്യപ്രശ്നത്താൽ മുദ്രിതമായിരുന്നു 2020-ാം വർഷം. ആ രോഗം ആഗോളവ്യാപകമായ ഒരു പ്രതിഭാസമായിത്തീർന്നു. അത് അതിർത്തികളെ മുറിച്ചു കടന്നു. കാലാവസ്ഥ, ഭക്ഷണം, സാമ്പത്തികത, കുടിയേറ്റം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ അഗാധമായ തോതിൽ അതു വർധിപ്പിച്ചു. വലിയ പീഡനത്തിനും പ്രയാസത്തിനും അതു കാരണമായി. കുടുംബാംഗങ്ങളെയും സ്നേഹിതരെയും നഷ്ടപ്പെട്ടവരെയും ജോലി നഷ്ടപ്പെട്ട സകലരെയും ഞാൻ പ്രത്യേകമായി അനുസ്മരിക്കുന്നു. ഡോക്ടർമാർ, നേഴ്സുമാർ, മരുന്നുവ്യാപാരികൾ, ഗവേഷകർ, വോളന്റീയർമാർ, ചാപ്ലെയിൻമാർ, ആശുപത്രികളുടെയും ആരോഗ്യപരിപാലനകേന്ദ്രങ്ങളുടെയും ജോലിക്കാർ എന്നിവരെക്കുറിച്ചു കൂടി ഞാൻ ചിന്തിക്കുന്നു. അവർ രോഗികളെ ശുശ്രൂഷിക്കാനും അവരുടെ വേദനകൾ കുറയ്ക്കാനും ജീവൻ രക്ഷി

ക്കാനും വലിയ ത്യാഗം സഹിച്ചു. ഇപ്പോഴും അവർ സേവനം തുടർന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവരിൽ അനേകർ ഈ പ്രവർത്തനത്തിൽ മരിച്ചു. ഞാൻ അവരെ ആദരിക്കുന്നു. രാഷ്ട്രീയ നേതാക്കന്മാരോടും സ്വകാര്യ സെക്റ്ററിലുള്ളവരോടുമുള്ള എന്റെ അഭ്യർത്ഥന ഞാൻ പുതുക്കുന്നു. കോവിഡ്-19 നുള്ള വാക്സിന്റെ ലഭ്യത ഉറപ്പുവരുത്താനും, രോഗീശുശ്രൂഷയ്ക്കുവേണ്ട സത്താപരമായ സാങ്കേതിക വിദ്യകൾ ഉറപ്പുവരുത്താനും, ദരിദ്രർക്കും ഏറ്റവും മുറിവേല്ക്കപ്പെടാവുന്നവർക്കും അവ ലഭ്യമാക്കാനുമുള്ള അഭ്യർത്ഥനയാണു ഞാൻ പുതുക്കുന്നത്.

ഒരു കാര്യം ഞാൻ ദുഃഖത്തോടെ പറയുന്നു: അതായത്, സ്നേഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ധാരാളം സാക്ഷ്യങ്ങൾ ഉള്ളപ്പോഴും ദേശീയതാവാദത്തിന്റെ വിവിധ രൂപങ്ങളും വംശാധിപത്യവാദവും വെറുപ്പും യുദ്ധങ്ങളും സംഘട്ടനങ്ങളും വർധിക്കുന്നതായി നാം കണ്ടു. അവയെല്ലാം മരണവും നാശവും മാത്രം അവയുടെ വഴിയിൽ കൊണ്ടുവരുന്നവയാണ്.

ഇക്കഴിഞ്ഞവർഷം മനുഷ്യവംശത്തിന്റെ പാതയിലുണ്ടായ ഈ സംഭവങ്ങളും ഇതുപോലെയുള്ള മറ്റു സംഭവങ്ങളും ഒരു വസ്തുത നമ്മെ പഠിപ്പിച്ചു: അതായത്, കൂടുതൽ സഹോദരപരമായ സമൂഹത്തെ സൃഷ്ടിക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ പരസ്പരം സംരക്ഷിക്കുകയും സൃഷ്ടിയെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് എത്ര പ്രധാനപ്പെട്ട കാര്യമാണെന്ന് നമ്മെ പഠിപ്പിച്ചു. അതുകൊണ്ടാണ് ഈ വർഷത്തെ സന്ദേശത്തിനായി ''സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാത'' എന്ന ശീർഷകം ഞാൻ തിരഞ്ഞെടുത്തത്. നമ്മുടെ കാലഘട്ടത്തിൽ വളരെ പ്രബലപ്പെട്ടിരിക്കുന്ന നിസ്സംഗതയുടെയും പാഴാക്കലിന്റെയും ഏറ്റുമുട്ടലിന്റെയും സംസ്കാരത്തോടു മത്സരിക്കാനുള്ള മാർഗമാണ് "സംരക്ഷണത്തിന്റെ സംസ്കാരം."

**2. സ്രഷ്ടാവായ ദൈവം സംരക്ഷിക്കാനുള്ള മാനുഷിക പാളിയുടെ ഉറവിടം**

മനുഷ്യജീവികളുടെ ഉത്പത്തിയെയും സ്രഷ്ടാവിനോടും

പ്രപഞ്ചത്തോടും സഹജീവകളായ സ്ത്രീപുരുഷന്മാരോടുമുള്ള ബന്ധത്തെയും സംബന്ധിച്ച വിവരങ്ങൾ അനേകം മതപാരമ്പര്യങ്ങൾക്കുമുണ്ട്. മനുഷ്യവംശത്തിനായുള്ള ദൈവത്തിന്റെ പരിപാലനയുടെ അഥവാ സംരക്ഷണപദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി ബൈബിളിലെ ഉല്പത്തിപ്പുസ്തകത്തിന്റെ ആദ്യത്തെ പേജുകൾ മുതൽ വ്യക്തമായി കാണിക്കുന്നുണ്ട്. മനുഷ്യനും (ആദം) ഭൂമിയും (ആദാമാ) തമ്മിലുള്ള ബന്ധവും സഹോദരീസഹോദരന്മാരെന്ന നിലയിൽ നമ്മൾ തമ്മിലുള്ള ബന്ധവും അത് ഉയർത്തിക്കാണിക്കുന്നുണ്ട്. സൃഷ്ടിയെ സംബന്ധിച്ച വിവരണത്തിൽ "ഏദനിൽ നട്ടുപിടിപ്പിച്ച" പൂന്തോട്ടത്തെ (cf. ഉല്പ. 2:8) ദൈവം മനുഷ്യനെ ഏല്പിച്ചു എന്നു പറയുന്നു. എന്നാൽ, അത് "ഉഴുതുസംരക്ഷിക്കാൻ" വേണ്ടിയാണ് ഏല്പിച്ചത് (ഉത്പ 2:15). ഇത് ഭൂമിയെ ഉല്പാദനക്ഷമമാക്കുന്നു. അതിനെ സംരക്ഷിക്കുകയും ജീവനെ പിന്താങ്ങാനുള്ള അതിന്റെ കഴിവിനെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് ഇതിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ്. "ഉഴുകുക." "സൂക്ഷിക്കുക" എന്നീ ക്രിയകൾ ആദത്തിന് പൂന്തോട്ടമാകുന്ന തന്റെ ഭവനത്തോടുള്ള ബന്ധം വിവരിക്കുന്നു. മാത്രമല്ല, ആദത്തെ സർവസൃഷ്ടിയുടെയും യജമാനനും പരിപാലനനുമായി നിയമിച്ചുകൊണ്ട് അയാളിൽ ദൈവം അർപ്പിച്ച വിശ്വാസത്തെയും വിവരിക്കുന്നു.

കായേന്റെയും ആബേലിന്റെയും ജനനത്തോടെ സഹോദരീസഹോദരന്മാരുടെ ചരിത്രം തുടങ്ങുന്നു. അവർ തമ്മിലുള്ള ബന്ധം മനസ്സിലാക്കപ്പെടുന്നത് - കായേൻ തെറ്റിധരിച്ചെങ്കിലും - സംരക്ഷണത്തിന്റെ അഥവാ സൂക്ഷിക്കലിന്റെ ഭാഷയിലാണ്. കായേൻ നമ്മൾ എല്ലാവരും എന്നപോലെ "അവന്റെ സഹോദരന്റെ കാവൽക്കാരൻ" എന്നു വിളിക്കപ്പെട്ടു. "പ്രതിരൂപാത്മകത നിറഞ്ഞ ഈ പ്രാചീന കഥകൾ നമ്മൾ എല്ലാവരും പങ്കുവയ്ക്കുന്ന ഒരു ഉത്തമബോധ്യത്തിന് സാക്ഷ്യം വഹിക്കുന്നു. ആ ബോധ്യം ഇതാണ്: എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തെയും പ്രകൃതിയോടുള്ള നമ്മുടെ ബന്ധത്തെയും കുറിച്ചുള്ള യഥാർത്ഥമായ

ശ്രദ്ധയെ സാഹോദര്യം, നീതി, മറ്റുള്ളവരോടുള്ള വിശ്വസ്തത എന്നിവയിൽ നിന്നു വേർതിരിക്കാൻ സാധ്യമല്ല."

**3. സ്രഷ്ടാവായ ദൈവം, സംരക്ഷണത്തിന്റെ മാതൃക**

വിശുദ്ധ ലിഖിതം ദൈവത്തെ അവതരിപ്പിക്കുന്നത് സ്രഷ്ടാവായിട്ടു മാത്രമല്ല പിന്നെയോ തന്റെ സൃഷ്ടികളെ, പ്രത്യേകിച്ച്, ആദം, ഹവ്വാ അവരുടെ മക്കൾ എന്നിവരെ, കാത്തുപാലിക്കുന്നവനായിട്ടാണ്. കായേൻ കുറ്റകൃത്യംകൊണ്ട് ശപിക്കപ്പെട്ടവനായി. എന്നാലും സ്രഷ്ടാവ് അവന് സംരക്ഷണത്തിനുള്ള ഒരു അടയാളം നല്കി, അവന്റെ ജീവൻ രക്ഷിക്കാൻ (cf. ഉല്പ 4:15). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തിയുടെ അലംഘനീയമായ മഹത്ത്വത്തെ ഇത് ഉറപ്പിച്ചു പറയുന്നു. കൂടാതെ, തന്റെ സൃഷ്ടിയുടെ സമന്വയത്തെ സംരക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഒരു അടയാളം കൂടിയാണത്. കാരണം, "സമാധാനത്തിനും അക്രമത്തിനും ഒന്നിച്ച് വസിക്കാൻ സാധ്യമല്ല."

സാബത്ത് സ്ഥാപിച്ചതിന്റെ അടിസ്ഥാന കാരണം സൃഷ്ടിസംരക്ഷണമായിരുന്നു. ദൈവാരാധനയ്ക്കു പുറമേ സാമൂഹിക ക്രമത്തിന്റെ പുനഃസ്ഥാപനത്തിന് ദരിദ്രസംരക്ഷണത്തിനും വേണ്ടിയുള്ളതായിരുന്നു സാബത്ത് (cf. ഉത് 1:1-3; ലേവാ 25:4). ഓരോ ഏഴാം സാബത്തുവർഷവും ജൂബിലി ആഘോഷിച്ചിരുന്നു. അത് ഭൂമിക്കും അടിമകൾക്കും കടക്കാർക്കും താത്കാലിക വിശ്രമം നല്കിയിരുന്നു. കൃപാവരത്തിന്റെ ആ വർഷത്തിൽ ഏറ്റവും കൂടുതൽ ആവശ്യത്തിൽപെട്ടവരെ സംരക്ഷിക്കുകയും അവർക്ക് ജീവിതത്തിൽ ഒരു പുതിയ അവസരം നല്കുകയും ചെയ്തിരുന്നു. ജനതയിൽ ദരിദ്രർ ഉണ്ടാകാതിരിക്കാൻവേണ്ടിയായിരുന്നു അത് (cf. നിയമാ 15:4).

പ്രവാചക പാരമ്പര്യത്തിൽ, നീതിയെക്കുറിച്ചുള്ള ബൈബിൾപരമായ ധാരണ ഏറ്റവും ഉയർന്ന തോതിൽ പ്രകാശിപ്പിക്കപ്പെട്ടത് ഒരു സമൂഹം അതിന്റെ ഏറ്റവും ദുർബലരായ അംഗങ്ങളോടു പെരുമാറുന്ന രീതിയിലാണ്. പ്രത്യേകിച്ച് ആമോസും (cf. 2:6-8;8) ഏശയ്യയും (cf. 58) ദരിദ്രരോടു നീതി കാണിക്കാൻ കർശനമായി ആവ

ശ്യപ്പെടുന്നു. ദരിദ്രർ ദ്രോഹിക്കപ്പെടാവുന്നവരും അശക്തരുമാണ്. അവർ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും അവരെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവം അവരെ കേൾക്കുകയും ചെയ്യുന്നു (cf.സങ്കീ 34:7; 113:7-8).

**4. സംരക്ഷണം യേശുവിന്റെ ശുശ്രൂഷയിൽ**

യേശുവിന്റെ ജീവിതവും ശുശ്രൂഷയും മനുഷ്യവംശത്തോടുള്ള പിതാവിന്റെ സ്നേഹത്തെ ഏറ്റവും വലിയ തോതിൽ പ്രതിനിധീകരിക്കുന്നു (cf. യോഹ 3:16). താൻ പിതാവിനാൽ അഭിഷിക്തനാണെന്നും ദരിദ്രരെ സുവിശേഷം അറിയിക്കാനും ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും (ലൂക്കാ 4:18) അയയ്ക്കപ്പെട്ടിരിക്കുന്നുവെന്നും നസ്രസിലെ സിനഗോഗിൽ വച്ച് യേശു പറഞ്ഞു. ജൂബിലി വർഷത്തോടു ബന്ധപ്പെട്ട മിശിഹാപരമായ ഈ പ്രവൃത്തികൾ അവിടന്നു പിതാവിൽ നിന്നു സ്വീകരിച്ച ദൗത്യത്തിന് സുശക്തമായ സാക്ഷ്യം നല്കുന്നു. ക്രിസ്തു തന്റെ കാരുണ്യത്തിൽ ശരീരത്തിലും ആത്മാവിലും രോഗമുള്ളവരെ സമീപിക്കുകയും അവരെ സുഖപ്പെടുത്തുകയും ചെയ്തു. പാപികളോടു ക്ഷമിക്കുകയും അവർക്കു പുതിയ ജീവൻ നല്കുകയും ചെയ്തു. തന്റെ ആട്ടിൻകൂട്ടത്തെ പരിപാലിക്കുന്ന നല്ല ഇടയനാണ് യേശു (cf. യോഹ 10:11-18, എസ. 34:1-31). അവിടന്നു നല്ല സമറായനാണ്. മുറിപ്പെട്ട മനുഷ്യരെ സഹായിക്കാനും അയാളുടെ മുറിവുകൾ വച്ചുകെട്ടാനും അയാളെ സംരക്ഷിക്കാനുംവേണ്ടി നിന്ന നല്ല സമറായനാണ് (cf. ലൂക്കാ 10:30-37).

യേശു തന്റെ ദൗത്യത്തിന്റെ പരമകോടിയിൽ അവിടത്തേക്ക് നമ്മോടുള്ള ശ്രദ്ധയുടെ പരമമായ തെളിവു നല്കി. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നും നമ്മെ സ്വതന്ത്രരാക്കാൻവേണ്ടി സ്വയം കുരിശിൽ സമർപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. തന്റെ ജീവനെ ബലിപരമായ ദാനമായി നല്കിക്കൊണ്ട് അവിടന്നു നമുക്കായി സ്നേഹത്തിന്റെ പാത തുറന്നു. നമ്മിൽ ഓരോരുത്തരോടും അവിടന്ന് പറയുന്നു: "എന്നെ അനുകരിച്ച്, പോയി ഇതുപോലെ ചെയ്യുക" (cf. ലൂക്കാ 10:37).

### 5. സംരക്ഷണ സംസ്കാരം. യേശുവിന്റെ അനുയായികളുടെ ജീവിതത്തിൽ

ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികൾ, ആദിമസഭ അഭ്യസിച്ചിരുന്നതുപോലെ, പരസ്നേഹത്തിന്റെ ഹൃദയമായിരുന്നു. ക്രിസ്ത്യാനികളുടെ ആദ്യത്തെ തലമുറ അവർക്കുള്ളതു പങ്കുവച്ചു. അതുകൊണ്ട് അവരിൽ ആരും ആവശ്യത്തിൽപ്പെട്ടിരുന്നില്ല (cf. അപ്പ. 4:34-35). അവർ തങ്ങളുടെ സമൂഹത്തെ സ്വാഗതം ചെയ്യുന്ന ഭവനമാക്കാൻ പരിശ്രമിച്ചു. ഓരോ മാനുഷികാവശ്യത്തെയും പരിഗണിക്കുന്ന, ഏറ്റവും കൂടുതൽ ആവശ്യമുള്ളവരെ സംരക്ഷിക്കാൻ സന്നദ്ധതയുള്ള ഭവനമാക്കാൻ ശ്രമിച്ചു. ദരിദ്രരെ തീറ്റിപ്പോറ്റാനും മൃതരെ സംസ്കരിക്കാനും അനാഥരെയും വാർധക്യത്തിലെത്തിയവരെയും കപ്പൽ അപകടം പോലുള്ള അപകടങ്ങളുടെ ഇരകളെയും പരിപാലിക്കാനും സ്വമനസാ ദാനം നല്കുകയെന്നത് പതിവായിത്തീർന്നു. പിൽക്കാലത്ത് ക്രിസ്ത്യാനികളുടെ ഔദാര്യത്തിന് ആദിമകാല തീക്ഷ്ണത നഷ്ടപ്പെട്ടു. അന്ന് ചില സഭാപിതാക്കന്മാർ ഊന്നിപ്പറഞ്ഞു, വസ്തുക്കൾ പൊതു ഉപയോഗത്തിനായിരിക്കണമെന്നാണ് ദൈവം ഉദ്ദേശിച്ചിരിക്കുന്നതെന്ന്. വിശുദ്ധ അംബ്രോസിന്റെ അഭിപ്രായത്തിൽ "പ്രകൃതി എല്ലാവരുടെയും പൊതു ഉപയോഗത്തിനായി എല്ലാ വസ്തുക്കളെയും ചൊരിഞ്ഞു... അങ്ങനെ എല്ലാവർക്കുംവേണ്ടിയുള്ള പൊതുവായ അവകാശത്തെ ഉത്പാദിപ്പിച്ചു. പക്ഷേ, അത്യാഗ്രഹം അതിനെ കുറച്ചുപേരുടെ അവകാശമാക്കി മാറ്റി" ആദിമ നൂറ്റാണ്ടുകളിലെ മതപീഡനത്തിനുശേഷം സഭ പുതുതായി കണ്ട സ്വാതന്ത്ര്യത്തെ സമൂഹത്തെയും അതിന്റെ സംസ്കാരത്തെയും പ്രചോദിപ്പിക്കാൻ ഉപയോഗിച്ചു. "കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ക്രൈസ്തവ പരസ്നേഹത്തിന്റെ സേവനത്തിലുള്ള പുതിയ പരിശ്രമങ്ങളെ ആവശ്യപ്പെട്ടു. പ്രായോഗിക കാരുണ്യ പ്രവർത്തനത്തിന്റെ അസംഖ്യം രേഖകൾ ചരിത്രത്തിലുണ്ട്... ദരിദ്രരുടെയിടയിലുള്ള സഭയുടെ പ്രവർത്തനം വലിയതോതിൽ സംഘടിതമായിരുന്നു. ഓരോ മാനു

ഷികാവശ്യവും പരിഹരിക്കുന്നതിനുവേണ്ടിയുള്ള അനേകം സ്ഥാപനങ്ങൾ ഉണ്ടായി: ആശുപത്രികൾ, ദരിദ്രർക്കായുള്ള ഭവനങ്ങൾ, അനാഥമന്ദിരങ്ങൾ, ഉപേക്ഷിക്കപ്പെട്ട ശിശുക്കൾക്കുവേണ്ടിയുള്ള ഭവനങ്ങൾ, യാത്രക്കാർക്കായുള്ള വിശ്രമസങ്കേതങ്ങൾ..."

**6. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തത്ത്വങ്ങൾ, സംരക്ഷണ സംസ്കാരത്തിന്റെ അടിസ്ഥാനമെന്ന നിലയിൽ**

സഭയുടെ ആദിമകാലത്തുണ്ടായിരുന്ന **ദിയാക്കോണിയ** (ശുശ്രൂഷ) പിതാക്കന്മാരുടെ പരിചിന്തനം വഴി സമ്പന്നമാക്കപ്പെട്ടു. നൂറ്റാണ്ടുകളോളം നിലനിറുത്തപ്പെട്ടു. വിശ്വാസത്തിന് പ്രകാശപൂർണമായ സാക്ഷ്യം നല്കിയ അനേകരുടെ പരസ്നേഹപ്രവർത്തനം വഴിയാണത്. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തുടിക്കുന്ന ഹൃദയമായിത്തീർന്നു ദിയാക്കോണിയ. ഈ സാമൂഹിക സിദ്ധാന്തം സന്മനസ്സുള്ള എല്ലാവർക്കും നല്കപ്പെടുന്നു. തത്ത്വങ്ങളുടെ അമൂല്യപൈതൃകമെന്ന നിലയിൽ, പരിപാലനയുടെ "വ്യാകരണം" എന്ന നിലയിൽ ഉപയോഗിക്കാൻ കഴിയുന്ന മാനദണ്ഡങ്ങളും നിർദ്ദേശങ്ങളുമെന്ന നിലയിൽ: ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വത്തെ വളർത്താനുള്ള സമർപ്പണം, ദരിദ്രരോടും മുറിവേൽക്കപ്പെടാവുന്നവരോടുമുള്ള ഐക്യദാർഢ്യം, പൊതു നന്മയ്ക്കായുള്ള നിരന്തര പരിശ്രമം, സൃഷ്ടിയുടെ സംരക്ഷണത്തെ സംബന്ധിച്ച താത്പര്യം.

**സംരക്ഷണം ഓരോ വ്യക്തിയുടെയും മഹത്ത്വവും അവകാശവും വളർത്തൽ എന്ന നിലയിൽ**

ക്രിസ്തുമതത്തിൽ ഉത്ഭവിക്കുകയും വികസിപ്പിക്കുകയും ചെയ്ത വ്യക്തിയെന്ന സങ്കല്പം തന്നെ സമ്പൂർണ മാനുഷിക വികസനത്തിനുള്ള പരിശ്രമത്തെ വളർത്തുന്നു. വ്യക്തി എപ്പോഴും ബന്ധത്തെയാണ്, വ്യക്തിത്വവാദത്തെയല്ല, സൂചിപ്പിക്കുന്നത്. അത് ഉൾപ്പെടുത്തലിനെയാണ്, ഒഴിവാക്കലിനെയല്ല, ഏറ്റവും അലംഘ്യവുമായ മഹത്ത്വത്തെയാണ്, ചൂഷണത്തെയല്ല, ഉറപ്പിച്ചു പറയുന്നത്." ഓരോ മനുഷ്യവ്യക്തിയും അവനിൽത്തന്നെ അഥവാ അവ

ളിൽത്തന്നെ ഒരു ലക്ഷ്യമാണ്. അവന്റെ, അവളുടെ ഉപയുക്തത കൊണ്ടു വിലമതിക്കപ്പെടേണ്ട ഉപാധിയല്ല. എല്ലാവരും മഹത്ത്വത്തിൽ തുല്യരായിട്ടുള്ള കുടുംബങ്ങളിലും സമുദായങ്ങളിലും സമൂഹങ്ങളിലും ഒന്നിച്ചു ജീവിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന് ഉത്ഭവിക്കുന്നു. മാനുഷിക കടമകളും അങ്ങനെതന്നെയാണ്. ദരിദ്രരെയും രോഗികളെയും, ഉപേക്ഷിക്കപ്പെട്ടവരെയും "സ്ഥല-കാലങ്ങളിൽ അടുത്തും അകലെയുമുള്ള നമ്മുടെ അയൽക്കാരിൽ" ഓരോരുത്തരെയും സ്വാഗതം ചെയ്യാനും സഹായിക്കാനുമുള്ള മാനുഷിക കടമകൾപോലെ മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന് ഉത്ഭവിക്കുന്നു.

**പൊതുനന്മ പരിരക്ഷിക്കാൻ**

സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതത്തിന്റെ ഓരോ വശവും അതിന്റെ പൂർണമായ ലക്ഷ്യം പ്രാപിക്കുന്നത് പൊതുനന്മയുടെ സേവനത്തിൽ സ്ഥാപിക്കപ്പെടുമ്പോഴാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, "ജനങ്ങൾ ഗ്രൂപ്പുകൾ എന്ന നിലയിലോ വ്യക്തികൾ എന്ന നിലയിലോ ആണ് കൂടുതൽ പൂർണമായും കൂടുതൽ എളുപ്പത്തിലും പൂർണത പ്രാപിക്കുന്നത്." തത്ഫലമായി, നമ്മുടെ പ്ലാനുകൾക്കും പദ്ധതികൾക്കും മുഴുവൻ മനുഷ്യകുടുംബത്തിന്മേലും ഉള്ള അനന്തരഫലങ്ങളെ പരിഗണിക്കണം. ഇപ്പോഴത്തെ തലമുറയിലും വരുംതലമുറകളിലും അവയ്ക്കുണ്ടാകാവുന്ന അനന്തരഫലങ്ങളെയും പരിഗണിക്കണം. ഈ യാഥാർത്ഥ്യത്തിന്റെ സത്യത്തെയും കാലോചിതത്വത്തെയും കോവിഡ് 19 എന്ന പകർച്ചവ്യാധി നമുക്കു കാണിച്ചുതന്നു. പകർച്ചവ്യാധിയുടെ മുമ്പിൽ "നാം ഒരുകാര്യം മനസ്സിലാക്കി. അതായത്, നമ്മൾ എല്ലാവരും ഒരേ വഞ്ചിയിലാണ്. നമ്മൾ എല്ലാവരും ദുർബലരും ലക്ഷ്യരഹിതരുമാണ്. എന്നാൽ അതേ സമയം സുപ്രധാനമായിട്ടുള്ളതും ആവശ്യമായിട്ടുള്ളതും ഇതാണ്: നമ്മൾ എല്ലാവരും ഒന്നിച്ച് വഞ്ചി തുഴഞ്ഞുപോകണം." കാരണം, "ഒരുത്തനും ഒറ്റയ്ക്ക്

രക്ഷപെടുന്നില്ല.” ഒരു രാഷ്ട്രത്തിനും ഒറ്റപ്പെട്ടു കഴിഞ്ഞുകൊണ്ട് സ്വന്തം ജനതയുടെ പൊതുനന്മ ഉറപ്പുവരുത്താൻ സാധിക്കുകയില്ല.

**ഐക്യദാർഢ്യത്തിലൂടെയുള്ള സംരക്ഷണം**

മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹത്തെ ഐക്യദാർഢ്യം വസ്തുനിഷ്ഠമായി പ്രകാശിപ്പിക്കുന്നു. അവ്യക്തമായ വികാരമെന്ന വിധത്തിലല്ല പിന്നെയോ “പൊതുനന്മയ്ക്കുവേണ്ടി സ്വയം സമർപ്പിക്കാനുള്ള ദൃഢവും സുസ്ഥിരവുമായ തീരുമാനമെന്ന നിലയിലാണ് പ്രകാശിപ്പിക്കുന്നത്. അതായത്, എല്ലാവരുടെയും ഓരോ വ്യക്തിയുടെയും നന്മയ്ക്കുവേണ്ടി. കാരണം, നമ്മൾ എല്ലാവരും യഥാർത്ഥത്തിൽ എല്ലാവരെയും സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരാണ്.” മറ്റുള്ളവരെ പരിഗണിക്കാൻ ഐക്യദാർഢ്യം നമ്മെ സഹായിക്കുന്നു-വ്യക്തികൾ എന്ന നിലയിലായാലും കൂടുതൽ വിശാലമായി ജനതകൾ, രാഷ്ട്രങ്ങൾ എന്നീ നിലയിലായാലും - കേവലം സ്ഥിതിവിവരക്കണക്കുകൾക്കപ്പുറത്ത്. ഉപയോഗിച്ചിട്ട് ഭാവിയിൽ ഉപയോഗമില്ലാത്തവരായി തള്ളിക്കളയേണ്ടവരായിട്ടല്ല. പിന്നെയോ നമ്മുടെ അയൽക്കാരായി നമ്മുടെ യാത്രയെ സഹയാത്രികരായി ജീവന്റെ വിരുന്നിൽ പങ്കുചേരാൻ നമ്മെപ്പോലെ വിളിക്കപ്പെട്ടവരായി കരുതണം. ദൈവം എല്ലാവരെയും ആ വിരുന്നിലേക്കു തുല്യനിലയിൽ ക്ഷണിച്ചിട്ടുണ്ട്.

**സൃഷ്ടിയുടെ പരിപാലനയും സംരക്ഷണവും**

*ലാവുദാത്തോ സീ* എന്ന ചാക്രികലേഖനം എല്ലാ സൃഷ്ടികളും പരസ്പരബന്ധിതമാണെന്ന് തികച്ചും ബോധമുള്ള ഒന്നാണ്. ദരിദ്രരുടെ കരച്ചിലും സൃഷ്ടിയുടെ കരച്ചിലും ശ്രദ്ധിക്കുകയെന്ന ആവശ്യത്തെ അത് ഉയർത്തിക്കാണിക്കുന്നു. നമ്മുടെ പൊതു ഭവനമായ ഭൂമിയെ ആവശ്യത്തിൽപ്പെടുന്ന നമ്മുടെ സഹോദരീസഹോദരന്മാരെയും കാര്യക്ഷമമായി പരിപാലിക്കാൻ സ്ഥിരവും ശ്രദ്ധാപൂർവകവുമായി ശ്രവിക്കാൻ പ്രേരിപ്പിക്കുന്നു. ഇവിടെ ഒരിക്കൽക്കൂടി ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അതായത് നമ്മുടെ സഹജീവികളായ മനുഷ്യരോട് നമ്മുടെ ഹൃദയത്തിൽ വാത്സല്യവും സഹതാപവും താത്പര്യവും ഇല്ലെങ്കിൽ പ്രകൃതിയുടെ ബാക്കിഭാഗത്തോടുള്ള അഗാധമായ ഐക്യത്തെക്കുറിച്ചുള്ള ബോധം ശരിയായിരിക്കുകയില്ല." "സമാധാനം, നീതി, സൃഷ്ടിപരിപാലനം എന്നിവ ആന്തരികമായി ബന്ധപ്പെട്ട മൂന്നു പ്രശ്നങ്ങളാണ്. ഒറ്റപ്പെടുത്തി അവയോടു ബന്ധപ്പെടാൻ, അവയെ വേർതിരിക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ ന്യൂനീകരിക്കലാകും."

**7. പൊതുപാത ചൂണ്ടിക്കാണിക്കുന്ന ഒരു കോമ്പസ്**

പാഴാക്കലിന്റെ സംസ്കാരം ആധിപത്യമുറപ്പിക്കുന്ന ഒരു സമയത്ത്, രാഷ്ട്രങ്ങൾക്കുള്ളിലും രാഷ്ട്രങ്ങൾ തമ്മിലും വർധിച്ചുവരുന്ന അസമത്വങ്ങളെ നേരിടുന്ന കാലത്ത്, രാഷ്ട്രീയ നേതാക്കളെയും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കളെയും ബിസിനസ് നേതാക്കളെയും ശാസ്ത്രജ്ഞരെയും വാർത്താവിനിമയക്കാരെയും വിദ്യാഭ്യാസ പ്രവർത്തകരെയും ഒരു കാര്യം ചെയ്യാൻ ഞാൻ നിർബന്ധിക്കുന്നു. അതായത്, ഈ തത്ത്വങ്ങളെ പൊതുവായ മാർഗദിശ കാണിക്കാൻ കഴിവുള്ളതും "കൂടുതൽ മാനുഷികമായ ഭാവിയെ" ഉറപ്പുവരുത്തുന്നതുമായ കോമ്പസ് എന്ന നിലയിൽ, ആഗോളവത്കരണത്തിന്റെ പ്രക്രിയയിൽ, സ്വീകരിക്കണമെന്നു നിർബന്ധിക്കുന്നു. ഓരോ വ്യക്തിയുടെ വിലയും മഹത്ത്വവും വിലയിരുത്താനും പൊതുനന്മയ്ക്കുവേണ്ടി ഐക്യദാർഢ്യത്തോടെ ഒന്നിച്ചു പ്രവർത്തിക്കാനും ദാരിദ്ര്യം, രോഗം, അടിമത്തം, ആയുധംകൊണ്ടുള്ള സംഘട്ടനം, വിവേചനം എന്നിവ സഹിക്കുന്നവരെ ആശ്വസിപ്പിക്കാനുമുള്ള കഴിവ് ഇതു നമുക്കു തരും. ഈ കോമ്പസ് കൈയിലെടുക്കാനും സംരക്ഷണസംസ്കാരത്തിന്റെ പ്രവാചകപരമായ സാക്ഷ്യമാകാനും നിലവിലുള്ള അനേകം അസമത്വങ്ങളെ കീഴടക്കാൻ പ്രവർത്തിക്കാനും ഞാൻ ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. കുടുംബത്തിലും സാമൂഹികവും രാഷ്ട്രീയവും സ്ഥാപനപരവുമായ എല്ലാ മണ്ഡലങ്ങളിലും സ്ത്രീകൾ വ്യാപകമായും അർത്ഥപൂർണമായും ഉൾപ്പെട്ടാൽ മാത്രമേ ഇതു സാധ്യമാകുകയുള്ളൂ.

സംരക്ഷണ സംസ്കാരത്തിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം ഏറെ സത്താപരമായിരിക്കുന്ന സാമൂഹികതത്ത്വങ്ങളുടെ ഈ കോമ്പസ് ഒരാവശ്യത്തെ ചൂണ്ടിക്കാണിക്കുന്നുണ്ട്. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ സാഹോദര്യം, പരസ്പര ബഹുമാനം, ഐക്യദാർഢ്യം, അന്താരാഷ്ട്ര നിയമത്തിന്റെ അനുസരണം എന്നിവയാൽ പ്രചോദിപ്പിക്കപ്പെടണം എന്നതാണത്. ഇതിനെ സംബന്ധിച്ചിടത്തോളം നാം അംഗീകരിക്കേണ്ട ഒരു വസ്തുതയുണ്ട്. മാറ്റിക്കളയാനാവാത്ത, സാർവത്രികമായ വിഭജിക്കാനാവാത്ത മൗലിക മാനുഷികാവകാശങ്ങളെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുകയെന്നതാണ് ആ വസ്തുത.

അതുപോലെ അത്യാവശ്യമാണ് മനുഷ്യത്വപരമായ (humanitarian) നിയമങ്ങളെ ആദരിക്കുകയെന്നത് - പ്രത്യേകിച്ച്, സംഘർഷങ്ങളും യുദ്ധങ്ങളും തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ദുരന്തപരമായ ഒരു വസ്തുതയുണ്ട്. സുരക്ഷിതത്വത്തിലും സമാധാനത്തിലും തങ്ങൾ ജീവിച്ച കാലത്തെപ്പറ്റി അനേകം പ്രദേശങ്ങൾക്കോ സമൂഹങ്ങൾക്കോ ഓർമ്മിക്കാൻ കഴിയുന്നില്ല എന്നതാണത്. അസംഖ്യം നഗരങ്ങൾ സുരക്ഷിതത്വമില്ലായ്മയുടെ ഭൂപ്രദേശങ്ങളാണെന്നതാണത്. സ്ഫോടന വസ്തുക്കൾക്കൊണ്ടും പീരങ്കികൾകൊണ്ടും ചെറിയ യുദ്ധോപകരണങ്ങൾകൊണ്ടും നടത്തുന്ന തരം തിരിവില്ലാത്ത ആക്രമണങ്ങളുടെ മുമ്പിൽ പൗരന്മാർ തങ്ങളുടെ സാധാരണ ജീവിതക്രമം തുടരാൻ കഷ്ടപ്പെടുന്നു. കുട്ടികൾക്കു പഠിക്കാൻ പറ്റുന്നില്ല. സ്ത്രീപുരുഷന്മാർക്ക് തങ്ങളുടെ കുടുംബങ്ങളെ പോറ്റാൻ വേണ്ടി ജോലിചെയ്യാൻ പറ്റുന്നില്ല. പട്ടിണിയെപ്പറ്റി മുമ്പ് അറിഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിൽ പട്ടിണി വ്യാപിക്കുന്നു. ഓടിപ്പോകാൻ ആളുകൾ നിർബന്ധിക്കപ്പെടുന്നു. അവരുടെ വീടുകൾ മാത്രമല്ല കുടുംബചരിത്രവും സാംസ്കാരിക വേരുകളും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടിവരുന്നു.

ഇത്തരം സംഘട്ടനങ്ങൾക്ക് അനേകം കാരണങ്ങളുണ്ട്. എന്നാൽ ഫലം എപ്പോഴും ഒന്നാണ്: അതായത് നാശവും മാനുഷിക വിഷമാവസ്ഥകളും. നമ്മൾ നമ്മോടുതന്നെ ഇങ്ങനെ ചോദി

ക്കണം: സംഘട്ടനത്തെ സാധാരണ കാര്യമായി കാണാൻ നമ്മുടെ ലോകത്തെ പ്രേരിപ്പിച്ചത് എന്താണ്? ഐക്യദാർഢ്യത്തിലും സാഹോദര്യത്തിലും യഥാർത്ഥ സമാധാനത്തിനുവേണ്ടി അധ്വാനിക്കാൻ നമ്മുടെ ഹൃദയങ്ങളെ എങ്ങനെ തിരിക്കാൻ കഴിയും? നമ്മുടെ ചിന്താരീതികളെ എങ്ങനെ മാറ്റാൻ കഴിയും?

ആയുധങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച ന്യൂക്ലിയർ ആയുധങ്ങൾക്കുവേണ്ടി, എന്തുമാത്രം വിഭവങ്ങളാണ് ഉപയോഗിക്കുന്നത്? അവ കൂടുതൽ ശ്രദ്ധേയവും മുൻഗണനാപരവുമായ കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാമായിരുന്നു: വ്യക്തികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ, സമാധാനം സമഗ്ര മാനുഷിക വികസനം എന്നിവയെ വളർത്താൻ, ദാരിദ്രത്തിനെതിരേ സമരം ചെയ്യാൻ, ആരോഗ്യപരിപാലനം നടപ്പിലാക്കാൻ.

ഇപ്പോഴത്തെ കോവിഡ് 19 എന്ന പകർച്ചവ്യാധിയും കാലാവസ്ഥാ മാറ്റവും ഈ വെല്ലുവിളികളെ കൂടുതൽ വ്യക്തമാക്കുകയാണു ചെയ്തിട്ടുള്ളത്. താഴെപ്പറയുന്ന തീരുമാനം എത്രയോ ധീരമായതായിരിക്കും: "ആയുധങ്ങൾക്കും യുദ്ധച്ചെലവുകൾക്കുമായി ഉപയോഗിക്കുന്ന പണംകൊണ്ട് ഒരു ആഗോളഫണ്ട് സ്ഥാപിക്കുക- വിശപ്പിന്റെ പ്രശ്നം എന്നേക്കുമായി ഇല്ലായ്മ ചെയ്യാനും ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളുടെ വികസനത്തിനു സംഭാവന ചെയ്യാനും വേണ്ടിയുള്ള ഫണ്ട്."

**8. സംരക്ഷണ സംസ്കാരത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം**

സംരക്ഷണസംസ്കാരത്തെ വളർത്തുന്നതിന് ഒരു വിദ്യാഭ്യാസ പ്രക്രിയ ആവശ്യമുണ്ട്. സാമൂഹിക തത്ത്വങ്ങളുടെ കോമ്പസ് പരസ്പരബന്ധമുള്ള ധാരാളം സാഹചര്യങ്ങളിൽ ഉപകാരപ്രദവും വിശ്വസനീയവുമാണെന്നു തെളിയും. ഞാൻ ചില ഉദാഹരണങ്ങൾ പറയട്ടെ:

- സംരക്ഷണത്തിനായി ജനങ്ങളെ പഠിപ്പിക്കുകയെന്നത് കുടുംബത്തിൽ തുടങ്ങുന്നു. കുടുംബം സമൂഹത്തിന്റെ സ്വാഭാവികവും മൗലികവുമായ ന്യൂക്ലിയസാണ്. എങ്ങനെ ജീവിക്കണെ

മെന്നും പരസ്പര ബഹുമാനത്തിന്റെ ചൈതന്യത്തോടെ മറ്റുള്ളവരുമായി എങ്ങനെ ബന്ധപ്പെടണമെന്നും നമ്മൾ പഠിക്കുന്നത് അവിടെവച്ചാണ്. എന്നാലും ജീവദായകവും അനുപേക്ഷണീയവുമായ ഈ ധർമ്മം നിർവഹിക്കുന്നതിനു കുടുംബങ്ങളെ ശക്തിപ്പെടുത്തണം.

- കുടുംബത്തോടൊപ്പം വിദ്യാലയങ്ങളും യുണിവേഴ്സിറ്റികളും- ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹിക സമ്പർക്കമാധ്യമങ്ങളും വിദ്യാഭ്യാസം നല്കാൻ കടപ്പെട്ടവയാണ്. അവ മൂല്യങ്ങളുടെ ഒരു വ്യവസ്ഥിതി കൈമാറണം. അത് ഓരോ വ്യക്തിയുടെയും ഭാഷാപരമോ വംശപരമോ മതപരമോ ആയ സമൂഹത്തിന്റെയും ഓരോ ജനതയുടെയും മഹത്ത്വത്തെ അംഗീകരിക്കണം. ആ അംഗീകാരത്തിൽ നിന്നുണ്ടാകുന്ന മൗലികാവകാശങ്ങളെയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മൂല്യങ്ങളുടെ വ്യവസ്ഥിതിയായിരിക്കണം. കൂടുതൽ നീതിപൂർവകവും സഹോദരപരവുമായ സമൂഹത്തിന്റെ സ്തംഭങ്ങളിലൊന്നാണ് വിദ്യാഭ്യാസം.

- പൊതുവേ മതങ്ങൾക്കും പ്രത്യേകിച്ച് മതനേതാക്കൾക്കും അനുപേക്ഷണീയമായ ഒരു ധർമ്മം നിർവഹിക്കാൻ കഴിയും. അനുയായികൾക്കും പൊതുവേ സമൂഹത്തിനും ഐക്യദാർഢ്യത്തിന്റെ മൂല്യങ്ങളെയും വ്യത്യാസങ്ങളോടുള്ള ആദരവിനെയും ആവശ്യത്തിൽപ്പെട്ട സഹോദരീസഹോദരന്മാരെ സംബന്ധിച്ച താത്പര്യത്തെയും കൈമാറാൻ അവർക്കു കഴിയും. പോൾ 6-ാമൻ മാർപാപ്പ 1969-ൽ ഉഗാണ്ടൻ പാർലിമെന്റിനോടു പറഞ്ഞ വാക്കുകളെ ഞാനിവിടെ ഓർമ്മിപ്പിക്കുന്നു: "സഭയെ ഭയപ്പെടരുത്. അവൾ നിങ്ങളെ ബഹുമാനിക്കുന്നു, അവൾ സത്യസന്ധരും വിശ്വസ്തരുമായ പൗരന്മാരെ നിങ്ങൾക്കായി പഠിപ്പിച്ചെടുക്കുന്നു, അവൾ മാത്സര്യങ്ങളെയും വിഭജനങ്ങളെയും വളർത്തുന്നില്ല. ആരോഗ്യകരമായ സ്വാതന്ത്ര്യവും സാമൂഹികനീതിയും സമാധാനവും വളർത്താൻ അവൾ പരിശ്രമിക്കുന്നു. അവൾക്ക് എന്തെങ്കിലും പ്രത്യേക

താത്പര്യമുണ്ടെങ്കിൽ അത് ദരിദ്രരെ സംബന്ധിച്ചാണ് – കുട്ടികളുടെയും ജനതയുടെയും വിദ്യാഭ്യാസത്തിന്, സഹിക്കുന്നവരെയും പരിത്യക്തരെയും പരിപാലിക്കുന്നതിന് ഉള്ള താത്പര്യം തന്നെ."

പബ്ളിക് സർവീസിലും സർക്കാർ സംബന്ധവും അല്ലാത്തതുമായ അന്താരാഷ്ട്ര സംഘടനകളിലും ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും മണ്ഡലങ്ങളിൽ വിവിധ രീതികളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഞാൻ ഒരിക്കൽക്കൂടി പ്രോത്സാഹിപ്പിക്കുന്നു. ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടി അധ്വാനിക്കാനാണത്. "കൂടുതൽ തുറവിയുള്ളതും സമഗ്രവുമായ വിദ്യാഭ്യാസം, ക്ഷമാപൂർവകമായ ശ്രവണവും സർഗാത്മകമായ സംവാദവും കൂടുതൽ നല്ല പരസ്പരധാരണയും നേടുകയെന്ന ലക്ഷ്യത്തിനുവേണ്ടിത്തന്നെ" വിദ്യാഭ്യാസത്തെ സംബന്ധിച്ച ആഗോള കോംപാക്റ്റിന്റെ സാഹചര്യത്തിൽ ഞാൻ നടത്തുന്ന ഈ അഭ്യർത്ഥന വ്യാപകമായ തോതിൽ തിരിച്ചറിയപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

**9. സംരക്ഷണ സംസ്കാരമില്ലാതെ സമാധാനമുണ്ടാവുകയില്ല**

അങ്ങനെ സംരക്ഷണസംസ്കാരം പൊതുവായ, പിന്താങ്ങുന്ന, സമ്പൂർണമായ, ഒരു സമർപ്പണത്തെ ആവശ്യപ്പെടുന്നു: എല്ലാവരുടെയും മഹത്ത്വത്തെയും നന്മയെയും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യാൻ, പരിപാലനയും സഹാനുഭൂതിയും പ്രകടിപ്പിക്കാനുള്ള സന്മനസ്സ് ഉണ്ടായിരിക്കാൻ, അനുരഞ്ജനത്തിനും സുഖപ്പെടുത്തലിനുംവേണ്ടി അധ്വാനിക്കാൻ, പരസ്പര ബഹുമാനവും സ്വീകരണവും വളർത്താൻ. അത് സ്വയമേ സമാധാനത്തിലേക്കുള്ള സവിശേഷാനുകൂല്യമുള്ള പാതയാണ്. "ലോകത്തിന്റെ അനേകം ഭാഗങ്ങളിൽ തുറന്നിരിക്കുന്ന വ്രണങ്ങൾ സുഖപ്പെടുത്താൻ സമാധാനത്തിന്റെ പാതകൾ ആവശ്യമുണ്ട്. സമാധാന സ്ഥാപകരെയും സുഖപ്പെടുത്തലിന്റെയും നവീകൃത കണ്ടുമുട്ടലി

ന്റെയും പ്രക്രിയയ്ക്കായി ധീരതയോടും സർഗാത്മകതയോടും കൂടി അധ്വാനിക്കാൻ തയ്യാറുള്ള സ്ത്രീപുരുഷന്മാരെയും ആവശ്യമുണ്ട്."

മനുഷ്യവംശത്തിന്റെ വഞ്ചി ഇന്നത്തെ വിഷമസന്ധിയുടെ കൊടുങ്കാറ്റിൽ ഉലയുന്നു. കൂടുതൽ പ്രശാന്തമായ ചക്രവാളത്തിലേക്കു നീങ്ങുവാൻ കഷ്ടപ്പെടുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ മനുഷ്യമഹത്ത്വത്തിന്റെ ചുക്കാൻ മൗലിക സാമൂഹിക തത്ത്വങ്ങളാകുന്ന കോമ്പസ് എന്നിവയ്ക്ക് നമ്മെ ഒന്നിച്ച് സുരക്ഷിതസ്ഥലത്തേക്കു നയിക്കാൻ കഴിയും. ക്രൈസ്തവരെന്ന നിലയിൽ നമ്മൾ എപ്പോഴും സമുദ്രതാരവും പ്രത്യാശയുടെ അമ്മയുമായ കന്യകാമറിയത്തിലേക്കു നോക്കണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പരസ്പരമുള്ള പിന്താങ്ങലിന്റെയും സ്വീകരണത്തിന്റെയും പുതിയ ചക്രവാളത്തിലേക്ക് മുന്നേറാൻ നമുക്ക് ഒന്നിച്ച് അധ്വാനിക്കാം. മറ്റുള്ളവരെ, പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ആവശ്യത്തിൽപ്പെട്ടവരെ അവഗണിക്കാനും മറുവശത്തേക്കു നോക്കാനുമുള്ള പ്രലോഭനത്തിനു നമുക്ക് ഒരിക്കലും കീഴടങ്ങാതിരിക്കാം. പകരം "പരസ്പരം സ്വീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന സഹോദരീസഹോദരന്മാരുടെ സമൂഹത്തെ രൂപപ്പെടുത്താൻ" വസ്തുനിഷ്ഠവും പ്രായോഗികവുമായ രീതിയിൽ നമുക്കു പരിശ്രമിക്കാം.

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2020

**ഫ്രാൻസിസ് പാപ്പാ**






റവ. ഫാ. ബിനോയി കരിമരുതുങ്കൽ നയിച്ച
ഓൺലൈൻ കുടുംബനവീകരണ ധ്യാനം






വണ്ണപ്പുറത്ത് പ്രവർത്തനം അരംഭിച്ച
ജീവ മെഡിക്കൽസിന്റെ 5–ാമത് ഷോപ്പ്
മാർ ജോർജ് മഠത്തിക്കണ്ടത്തിൽ വെഞ്ചരിക്കുന്നു.

Deivarajyam January 2021
●R.N.7623/63
Registered No. KL/ALY/0020/2020-2022
Date of publication: 1/1/2021
●Posted at Thodupuzha Stg.
Annual Subscription ₹ 100.00

# "PATRIS CORDE"

## With a Father's Heart





St. Kuriakose Elias Chavara
02



St. John Bosco
30



St. John the Baptist
08

*Patron of the Universal Church*

Year of St. Joseph
08 Dec. 2020 - 08 Dec. 2021



St. Stephen
29



St. Sebastian
20



St. Thomas Aquinas
28



The Four Evangelists
22

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691